21
2024
മാർച്ച്
വ്യാഴം
മീനം 8

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-5, Issue No.157 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-157 പേജ് 4. വില 2.00 രൂപ




02 അന്നജുവിന്റെ കുടുംബത്തിന് സഹായം ഉറപ്പാക്കും; അജ്ഞാനിലിമിറ്റഡും സഹായിക്കണമെന്ന് മന്ത്രി

03 പെരുമാറ്റച്ചട്ടം കർശനമായി നടപ്പാക്കും, വ്യാജ പ്രചാരണങ്ങൾക്കെതിരെ നടപടി

04 ജോലി വാഗ്ദാനംചെയ്ത് പണം തട്ടി; കലാഭവൻ സോബി ജോർജ് അറസ്റ്റിൽ

# തലസ്ഥാനം പിടിക്കുവാൻ ദ്വിമുഖ തന്ത്രവുമായി ബിജെപി

**യേശുദാസ് വില്യം**







തിരുവനന്തപുരം. തിരുവനന്തപുരം പാർലമെന്റ് നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പോരാട്ടം പുതിയ പ്രചരണ തലങ്ങളിലേക്കു കടക്കുമെന്നുറപ്പായി.അതിനു നാന്ദികുറിക്കുന്നതായിരുന്നു ഇന്നത്തെ ബിജെപി സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറുടെ പത്രസമ്മേളനം.രാഷ്ട്രീയ വേദികളിൽ പ്രതിപക്ഷനേതാവും,എൽഡിഎഫ് കൺവീനറും ഉതിർത്ത ആരോപണങ്ങളെ നേരിടാനും അതിനുമറുപടിപറയാനുമായിരുന്നു പത്രസമ്മേളനമെങ്കിലും അതിനെ നിസ്സാരവൽക്കരിക്കുകയും മടിയൻമാരുടെ പ്രവർത്തിയായി അതിനെ വ്യാഖ്യാനിക്കുകയും ചെയ്ത രാജീവ് തുടർന്നുള്ള ചോദ്യങ്ങൾ ഇക്കാര്യത്തിൽ അപ്രസക്തമാണന്നും വേണമെങ്കിൽ കോടതിയിൽ പോകട്ടെയെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞവസാനിപ്പിച്ചു.എന്നാൽ മോദിസർക്കാരിന്റെ വികസന നേട്ടങ്ങളും,സാമ്പത്തീക വളർച്ചയും കോൺഗ്രസ് കാലത്തെയും,കേരളത്തിലെ എൽഡിഎഫ് ഭരണകാലത്തെയും താരതമ്യപഠനം വീഡിയോ പ്രസന്റേഷനിലൂടെ അവതരിപ്പിക്കുകയും ഒന്നൊന്നായി അക്കമിട്ടു ഇരുകൂട്ടരെയും വിമർശിക്കുകയും ചെയ്തു.

ന്യൂനപക്ഷത്തിന്റെ വോട്ടുകൾ തട്ടിയെടുക്കുവാനുള്ള ശ്രമത്തെ യാഥാർത്ഥ്യം കൊണ്ടു നേരിടുമെന്നും പറഞ്ഞു.എന്നാൽ ഉന്നതവിദ്യാഭ്യാസ രംഗത്തും,ആരോഗ്യ മേഖലയിലും കേരളത്തിന്റെ ആവിശ്യങ്ങൾ കേന്ദ്രം പരിഗണിച്ചോ എന്നുള്ള ചോദ്യത്തിന് വ്യക്തമായ മറുപടി തന്നതുമില്ല.അതൊക്കെ ശശി തരൂരിനോടു ചോദിക്കണമെന്നും തന്നെ ജയിപ്പിച്ചാൽ ഇതെക്കെ നടപ്പിലാക്കുമെന്നും, പറയുന്നതു ചെയ്യുമെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിന്റെ അവസാനലാപ്പിൽ കൃത്യമായ വികസനരാഷ്ട്രീയം ചർച്ചയാക്കുവാനും ഉയർത്തിക്കൊണ്ടു വരാനുമാണ് ബിജെപിയുടെ തന്ത്രം.താനൊരു വിശ്വപൗരനല്ലന്നു പ്രയോഗിച്ചു കൊണ്ട് ശശിതരൂരിനെയും ഇടതുപക്ഷത്തേയും വിമർശനാത്മകമായി നേരിട്ടുകൊണ്ടാണ് പത്രസമ്മേളനത്തിലുടനീളം രാജീവ് ചന്ദ്രശേഖർ സംസാരിച്ചത്.

കോൺഗ്രസിന്റെയും വിശിഷ്യാ പ്രതിപക്ഷനേതാവും,ഇടതുപക്ഷവും ഇതിനു മറുപടിയുമായി രംഗത്തെത്തുമെന്ന കാര്യത്തിൽ സംശയമില്ല.കേരളത്തിൽ നിന്നും ലോകമാകെ ശ്രദ്ധാകേന്ദ്രമാകുന്ന തിരുവനന്തപുരത്തെ തെരഞ്ഞെടുപ്പ് പതിവ് ന്യൂനപക്ഷ ജാതി സമവാക്യങ്ങൾക്കപ്പുറത്തേക്ക് വേറൊരു തലത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാനും അവിടെ മാറ്റുരക്കപ്പെടുവാനുമുള്ള പുതിയ തന്ത്രത്തിനാണ് ബിജെപി സ്ഥാനാർത്ഥി തുടക്കം കുറിച്ചിരിക്കുന്നത്.ശശിതരൂർ നാലാം വട്ടം മൽസരത്തിനിറങ്ങുകയും വിജയം ഉറപ്പെന്നു വിശ്വസിച്ചുകൊണ്ടുള്ള പ്രചരണം നടക്കുകയും ചെയ്യുന്നു.എന്നാൽ കാര്യങ്ങൾ അനായാസമല്ല.എന്തിനും പോന്ന ഉൾക്കരുത്തോടെ പന്ന്യൻ രവീന്ദ്രൻ തെരഞ്ഞെടുപ്പു ഗോദയിൽ വൻ വിജയ പ്രതീക്ഷയോടെ നിലകൊള്ളുന്നു..അദ്ദേഹം സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും ഭാഷയിൽ ഒരു സൈഡിൽനിന്നു പണിയെടുത്തു കേറുന്നുണ്ട്.ത്രികോണമൽസരത്തിൽ വിജയമുറപ്പെന്നാണ് അടക്കം പറച്ചിൽ.

പ്രബലനായ ശശിതരൂരിനെതിരെ കേന്ദ്രമന്ത്രിയെ തന്നെയിറക്കിയുള്ള ബിജെപി കേന്ദ്ര നേതൃത്വത്തിന്റെ രാഷ്ട്രീയ ഉന്നം വിജയത്തിൽ കുറഞ്ഞൊന്നുമല്ല.ആദ്യഘട്ട പ്രചരണം കഴിഞ്ഞുള്ള വിലയിരുത്തലിൽ പ്രചരണ പ്രവർത്തന ശൈലിയിൽ മാറ്റങ്ങൾ കൊണ്ടുവരാനും തീരുമാനമായി എന്നതിനു തെളിവാണ് പ്രചരണതന്ത്രങ്ങൾക്കു നേതൃത്വം കൊടുക്കുവാൻ ബിജെപിയുടെ കേരളത്തിലെ ഒന്നാം നിര നേതാക്കളെതന്നെ തിരുവനന്തപുരത്തു വിന്യസിച്ചിരിക്കുന്നത്. വി വി രാജേഷിനു പുറമെ കൃഷ്ണദാസ്,കുമ്മനം രാജശേഖരൻ,ഓ.രാജഗോപാൽ തുടങ്ങിയ മുതിർന്ന നേതാക്കൻമാരുടെ സ്ഥിര സാന്നിദ്ധ്യവും,നിർദ്ദേശങ്ങളും പരിചയസമ്പന്നതയും പ്രയോജനപ്പെടുത്തും.

## തിരഞ്ഞെടുപ്പ് ചൂടിലും തീരദേശത്ത് അലയടിക്കുന്ന വിഷയം തീരശോഷണവും കടലാക്രണവും

തിരുവനന്തപുരം: തിരഞ്ഞെടുപ്പ് പ്രചരണത്തിന് ചൂടേറുമ്പോൾ തീരദേശ മേഖലകളിൽ പ്രധാന വിഷയമായി പ്രദേശവാസികൾ കേന്ദ്രമന്ത്രിയും എൻഡിഎ സ്ഥാനാർത്ഥിയുമായ രാജീവ് ചന്ദ്രശേഖറിനു മുന്നിലവതരിപ്പിക്കുന്ന പ്രധാന വിഷയം തീരശോഷണവും കടലാക്രമണ ഭീതിയുമാണ്. 'ഇതിനൊരു പരിഹാരം വേണം സർ. വെറും പരിഹാരമല്ല ശാശ്വതമായ ശാസ്ത്രീയ പരിഹാരമാണ് വേണ്ടത്,' മറൈൻ എഞ്ചിനീയറായ ഡെൻസൺ ടോണി പറഞ്ഞു. വലിയതുറ പ്രദേശത്ത് പര്യടനം നടത്തുന്നതിനിടെയാണ് സ്ഥാനാർത്ഥിയെ ഡെൻസൺ കണ്ടത്. സംസ്ഥാന സർക്കാറിന്റെ ഇടപെടൽ വേണ്ടത്ര ഇക്കാര്യത്തിൽ ഉണ്ടായില്ല. കേന്ദ്ര സർക്കാരിന്റെ സാഗർ മാല പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രശ്നത്തിന് പരിഹാരം കാണുമെന്ന പ്രതീക്ഷയിലാണ് അവർ. കാര്യമായ പഠനങ്ങളോ നിർദ്ദേശങ്ങളോ ഇതുവരെ ഇവിടെ ഉണ്ടായിട്ടില്ലെന്നും അവർ പറയുന്നു.

കടലാക്രമണം മൂലം ഇല്ലാതായ തീരങ്ങൾ വീണ്ടെടുക്കണം. ശാസ്ത്രീയമായ മാർഗങ്ങൾ അവലംബിച്ചു കടൽക്ഷോഭം കുറക്കാൻ കഴിയണം. ഇതിന് ഡ്രെഡ്ജിങ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ സഹായം ലഭ്യമാക്കണം. പൊഴിയൂർ മുതൽ വെട്ടുകാട്, ശംഖുമുഖം വരെയുള്ള തീരപ്രദേശങ്ങളെ രക്ഷിക്കാൻ ഇതാണ് മാർഗമെന്ന നിർദേശങ്ങളും ഡെൻസൺ മുന്നോട്ടുവച്ചു.

തീരശോഷണം മൂലം തീരദേശ വാസികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ തനിക്ക് മനസ്സിലായെന്നും പരിഹാര നടപടികൾ ഉണ്ടാകുമെന്നും രാജീവ് ചന്ദ്രശേഖർ വിശദീകരിച്ചു. ശാസ്ത്രീയമായ പഠനങ്ങൾ നടത്തി തിരുവനന്തപുരത്തെ തീരമേഖലയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കേന്ദ്ര സർക്കാരിന്റെയും സഹായങ്ങൾ ഉറപ്പാക്കും. തീരദേശവാസികൾക്ക് സമാധാനത്തോടെ ഉറങ്ങാൻ കഴിയുന്ന സാഹചര്യം ഉണ്ടാക്കുമെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു. വലിയതുറയിൽ പ്രദേശവാസികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കേൾക്കാൻ ഏറെ സമയം ഇവിടെ ചെലവിട്ടായിരുന്നു രാജീവ് ചന്ദ്രശേഖറിന്റെ തിരഞ്ഞെടുപ്പു പര്യടനം.



*പെരുമാതുറയിലെ തീരശോഷണവും കടലാക്രമണവും സംബന്ധിച്ചു ശാസ്ത്രീയ പരിഹാര മാർഗ്ഗങ്ങൾ മറൈൻ എഞ്ചിനീയറായ തദ്ദേശവാസിയുമായ ഡെൻസൺ ടോണിയുമായി ചർച്ച ചെയ്യുന്ന എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ*

### ലോക്സഭ തെരഞ്ഞെടുപ്പ്

## ആദ്യഘട്ട വിജ്ഞാപനം പുറത്തിറങ്ങി; നാമനിർദേശ പത്രിക ഇന്ന് മുതൽ



ന്യൂഡൽഹി : ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പിനുള്ള വിജ്ഞാപനം ഇറങ്ങി. ഏപ്രിൽ 19 ന് 21 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 102 സീറ്റിലേക്കാണ് വോട്ടെടുപ്പ്. നാമനിർദേശ പത്രിക ഇന്ന് മുതൽ സമർപ്പിക്കാം. മാർച്ച് 27 ആണ് പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി.

ഉത്സവം പ്രമാണിച്ച് ബിഹാറിൽ നാമനിർദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി 28നാണ്. നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന മാർച്ച് 28നാണ്. ബിഹാറിൽ മാർച്ച് 30നും. സ്ഥാനാർഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി മാർച്ച് 30നും ബിഹാറിൽ ഇത് ഏപ്രിൽ രണ്ടിനും ആണ്.

അരുണാചൽ പ്രദേശ്, അസം, ബിഹാർ, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, തമിഴ്!നാട്, ഉത്തർപ്രദേശ്, ബംഗാൾ, ജമ്മു കശ്മീർ, ലക്ഷദ്വീപ്, പുതുച്ചേരി എന്നിവിടങ്ങളിലാണ് ആദ്യഘട്ട വോട്ടെടുപ്പ്. ആകെ ഏഴ് ഘട്ടങ്ങളിലായാണ് ഇത്തവണ പൊതു തിരഞ്ഞെടുപ്പ് നടക്കുക. ഏപ്രിൽ 19, 26, മേയ് 7, 13, 20, 25, ജൂൺ 1 തീയതികളിലാണു വോട്ടെടുപ്പ്. ജൂൺ നാലിനാണ് വോട്ടെണ്ണൽ

### ബി വസന്തയുടെ എൺപതാം പിറന്നാൾ മാർച്ച് ഇരുപതിനാണ്

## കുടമുല്ല പൂവു ചൂടിയ വസന്തം

**മോഹൻ ശ്രീശൈലം**



അറുപതുകളിലും എഴുപതുകളിലും മലയാളസിനിമയിൽ വശ്യമധുരഗാനങ്ങളിലൂടെ സംഗീതത്തിന്റെ വസന്തകാലം വിരിയിച്ച ഗായികയാണു ബൊദ്ദുപല്ലി വസന്ത എന്ന ബി വസന്ത. യേശുദാസും ബി വസന്തയും ചേർന്നു പാടിയ ' കുടമുല്ലപ്പൂ!ൂവിനും മലയാളിപ്പെണ്ണിനും ' എന്ന ഗാനം ഏറ്റുമൂളാത്ത മലയാളി ഉണ്ടാവില്ല.

1944 മാർച്ച് 20 നു ആന്ധ്രയിലെ മസീലിപ്പട്ടം എന്ന സ്ഥലത്ത് ജനിച്ച ബി വസന്ത ബി എസ് സ്സി വരെ പഠിച്ചു.സംഗീത വാസന ജന്മസിദ്ധമായിരുന്നു.സംഗീതജ്ഞൻ രാഘവാചാരിയിൽ നിന്ന് ശാസ്ത്രീയ സംഗീതവും അച്ഛൻ രവീന്ദ്രനാഥിൽ നിന്ന് ലളിതസംഗീതവും അഭ്യസിച്ചു.1962 ൽ കവിയായ ആത്രേയ നിർമ്മിച്ച ' വാഗ്ദാനം ' എന്ന തെലുങ്ക് ചുത്രത്തിൽ പെണ്ട്യാല നാഗേശ്വര റാവുവിന്റെ സംഗീതത്തിൽ പാടി.അതിനു ശേഷം ദക്ഷിണേന്ത്യൻ ഭാഷകളിലും ഒരു ഹിന്ദി ചിത്രത്തിലുമായി മൂവായിരത്തിലേറെ ഗാനങ്ങൾ ആലപിച്ചു.ഒരു തെലുങ്കു ചിത്രത്തിനും ഒരു കന്നട ചിത്രത്തിനും സംഗീതസംവിധാനവും നിർവഹിച്ചു.

മലയാളത്തിൽ ആദ്യമായി ശൂലമംഗലം രാജലക്ഷിമിയുമായി ചേർന്ന് ' മുതലാളി ' യിൽ പാടിയ പുന്നാര മുതലാളി എന്ന ഗാനം 1964 ൽ റെക്കോഡ് ചെയ്തെങ്കിലും 1965 ലാണു റിലീസ് ചെയ്തത്.

കന്നഡ , മലയാളം , തമിഴ് , തെലുങ്ക് , തുളു , സംസ്കൃതം , ഹിന്ദി തുടങ്ങി നിരവധി ഇന്ത്യൻ ഭാഷകളിൽ പാടിയിട്ടുള്ള വസന്ത നാലായിരത്തിലധികം ഗാനങ്ങൾ റെക്കോഡ് ചെയ്തിട്ടുണ്ട്. ധ2പ അവർ ആദ്യമായി പാടിയ മലയാള സിനിമ മുതലാളി ആയിരുന്നു, അവളുടെ ആദ്യ തമിഴ് ചിത്രം കൊഞ്ചും കുമാരി ആയിരുന്നു . കെ ജെ യേശുദാസിനൊപ്പം മലയാളത്തിൽ നിരവധി ചലച്ചിത്ര ഗാനങ്ങൾ ആലപിച്ചിട്ടുണ്ട് . കന്നഡ, ഹിന്ദി, തെലുങ്ക് സിനിമകളിലും പാടി.

യുഗ്മഗാനശാഖയിൽ ബി വസന്ത സൃഷ്ടിച്ച നാദമാധുരി ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് ഇന്നും കാതിനു തേൻ മഴയാണ്.പേൾ വ്യൂവിലെ യവനസുന്ദരീ,അനാർക്കലിയിലെ നദികളീൽ സുന്ദരി യമുന, തറവാട്ടമ്മയിലെ ഉടലുകളറിയാതുയിരുകൾ , ആഭിജാത്യത്തിലെ രാസലീലയ്ക്ക് വൈകിയതെന്തു നീ തുടങ്ങിയ പാട്ടുകളോട് ഇന്നും ഗാനപ്രേമികൾക്ക് ആവേശമാണ്.പുകഴേന്തി,ദേവരാജൻ മാസ്റ്റർ,ബാബുരാജ്,ചിദംബരനാഥ്,ആർ കെ ശേഖർമെം കെ അർജ്ജുനൻ തുടങ്ങിയവർക്കൊപ്പം പ്രവർത്തിക്കാനുള്ള അവസരം ലഭിച്ചു എങ്കിലും 1980 മുതൽ ഇവർക്ക് അവസരങ്ങൾ ലഭിക്കാതെയായി

# ടിപ്പർ ലോറിയിൽ നിന്ന് കരിങ്കല്ല് തെറിച്ചു വീണ് ദാരുണാന്ത്യം സംഭവിച്ച അനന്തുവിന്റെ കുടുംബത്തിന് സർക്കാർ സഹായം ഉറപ്പാക്കും

## അദാനി ലിമിറ്റഡും കുടുംബത്തെ സഹായിക്കണമെന്ന് മന്ത്രി



വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തേക്ക് ലോഡുമായി പോയ ടിപ്പർ ലോറിയിൽ നിന്ന് കരിങ്കല്ല് തെറിച്ചു വീണ് ദാരുണാന്ത്യം സംഭവിച്ച അനന്തുവിന്റെ കുടുംബത്തിന് സർക്കാർ സഹായം ഉറപ്പാക്കുമെന്ന് പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. അനന്തുവിന്റെ കുടുംബത്തെ വിഴിഞ്ഞത്ത് സന്ദർശിച്ചതിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുമായി കൂടിയാലോചന നടത്തി വേണ്ട തീരുമാനം കൈക്കൊള്ളുമെന്നും മന്ത്രി അറിയിച്ചു. അനന്തുവിന്റെ കുടുംബത്തിന് അദാനി ഗ്രൂപ്പ് സഹായം നൽകണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. ബി ഡി എസ് വിദ്യാർത്ഥിയായ അനന്തു കുടുംബത്തിന്റെ പ്രതീക്ഷയാണ്. അതുകൂടി പരിഗണിച്ചു കൊണ്ടാകണം അദാനി ഗ്രൂപ്പ് നഷ്ടപരിഹാരം നൽകേണ്ടത്.

സംഭവത്തിൽ വിശദമായ അന്വേഷണം ഉണ്ടാകും. ഒരു കുട്ടിയുടെ കാലു മുറിക്കുന്ന സംഭവം അടക്കം ഇത്തരത്തിൽ നിരവധി വിഷയങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് നാട്ടുകാർക്ക് പരാതിയുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കാൻ ആകില്ല.

വിഴിഞ്ഞം തുറമുഖ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നാണ് സർക്കാരിന്റെ നിലപാട്. എന്നാൽ ഇക്കാര്യത്തിൽ ജനങ്ങളുടെ സുരക്ഷാ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാനാകില്ല. ഉയർന്നു വന്ന വിഷയങ്ങളെല്ലാം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനന്തുവിന്റെ കുടുംബത്തെ മന്ത്രി ആശ്വസിപ്പിച്ചു.കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതായി മന്ത്രി അറിയിച്ചു.

# കരിങ്കല്ല് വീണ് വിദ്യാർഥി മരിച്ച സംഭവം: മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖ നിർമാണത്തിന് കരിങ്കല്ലുമായി പോയ ലോറിയിൽനിന്നും കരിങ്കല്ല് തെറിച്ചുവീണ് ബിഡിഎസ് വിദ്യാർഥി മരിച്ച സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു.

സുരക്ഷാ വീഴ്ച പരിശോധിച്ച് ജില്ലാ കളക്ടറും ജില്ലാ പോലീസ് മേധാവിയും പത്തു ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആക്റ്റിംഗ് ചെയർപേഴ്സണും ജുഡീഷൽ അംഗവുമായ കെ. ബൈജൂനാഥ് ആവശ്യപ്പെട്ടു. ഏപ്രിൽ രണ്ടിനു തിരുവനന്തപുരം കമ്മീഷൻ ഓഫീസിൽ നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും.

# ജലക്ഷാമം രൂക്ഷം: പള്ളംതുരുത്ത് തടയണ വറ്റിവരണ്ട നിലയിൽ

ഒറ്റപ്പാലം: കനത്ത ചൂടിനെ തുടർന്ന് പേരൂർ പള്ളംതുരുത്ത് തടയണ വറ്റിവരണ്ടു.

തകർന്ന ഷട്ടർ പുനഃസ്ഥാപിക്കാൻ അധികൃതർ നടപടി സ്വീകരിക്കാത്തതാണ് ജലക്ഷാമം രൂക്ഷമാക്കിയത് പള്ളംതുരുത്തിലെ മുണ്ട്യേൻ കടവ് തടയണയിൽ കർഷക സമിതിയുടെ നേതൃത്വത്തിൽ സ്ഥാപിച്ചിരുന്ന ഷട്ടർ കാലപ്പഴക്കത്തെ തുടർന്നു നശിച്ചിരുന്നു.

പേരൂരിലെ കാർഷിക മേഖലയായ പള്ളംതുരുത്തിൽ പ്രവർത്തിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻറെ പമ്പിങ്ങിനെ ആശ്രയിച്ചു കഴിയുന്ന കർഷകർ തടയണയിൽ ഷട്ടർ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടു നിരവധി തവണ പഞ്ചായത്തിൽ പരാതി നൽകിയെങ്കിലും അധികൃതർ തിരിഞ്ഞുനോക്കിയില്ല, പ്രദേശത്തെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കാനുള്ള ഏകവഴിയാണ് അധികൃതരുടെ അവഗണനയിൽ പൊലിഞ്ഞത്. ഭാരതപ്പുഴയുടെ സമീപ പ്രദേശത്തെ തടയണകളിൽ ധാരാളംമുള്ളപ്പോഴും പള്ളംതുരുത്ത് വറ്റിക്കിടക്കുകയാണ്. !

കഴിഞ്ഞ ഒന്നാം വിള സമയത്ത് 24380 രൂപ ചെലവഴിച്ചാണു ഷട്ടർ മാറ്റി സ്ഥാപിച്ചത്. വെള്ളത്തിൻറെ കുത്തൊഴുക്കിൽ ഷട്ടർ തകരുന്നത് പതിവ് സംഭവമായതിനാൽ ഇരുമ്പിൻറെ ഷട്ടർ സ്ഥാപിക്കണമെന്ന കർഷകരുടെ ആവശ്യം ഇത്തവണയും പരിഗണിക്കപ്പെട്ടില്ല.കലിങ്കൽ, പള്ളംതുരുത്ത്, കയ്പയിൽ തുടങ്ങിയ പാടശേഖര സമിതികളിലേക്കു വെള്ളം നൽകുന്നത് ഈ തടയണയിൽ നിന്നാണ്.

77 ഹെക്ടർ നെൽക്കൃഷിയും 5 ഏക്കർ തെങ്ങ്, വാഴ, കവുങ്ങ് കൃഷിയും വേനൽക്കാലത്ത് പതിവായി പച്ചക്കറിയും ഈ പമ്പ് ഹൗസിൻറെ ആശ്രയിച്ചു കൃഷി ചെയ്യുന്നു.

തടയണയിൽ നിന്നു പതിവായി 10 മണിക്കൂർ നേരം പമ്പിംഗ് നടത്താറുണ്ട്. എന്നാൽ പുഴയിലെ വെള്ളം ഒഴുകിപ്പോയതിനാൽ 6 ദിവസമായി പമ്പിംഗ് നടക്കുന്നില്ല.പ്രദേശത്തെ 52 വീട്ടുകാരും ശുദ്ധജലത്തിനായി ആശ്രയിക്കുന്നതും ഈ പദ്ധതിയെയാണ്. സ്ഥിരം ഷട്ടർ സ്ഥാപിച്ചാൽ മാത്രമേ കർഷകരുടെ പ്രശ്നത്തിന് പരിഹാരമാകു, 4 വർഷം മുൻപ് പദ്ധതി പ്രദേശത്തെ പുഴയിലെ മണൽ നീക്കുന്നതിനും ഷട്ടർ സ്ഥാപിക്കാനും 11 ലക്ഷം രൂപ അനുവദിച്ചിരുന്നു.എന്നാൽ ഇതുവരെയും പദ്ധതി നടപ്പായില്ല. അടിയന്തരമായി പ്രശ്നം പരിഹരിക്കണമെന്നു കർഷക സമിതി പ്രസിഡന്റ് എൻ. ! രാമകൃഷ്ണൻ ആവശ്യപ്പെട്ടു. മലമ്പുഴയിൽ നിന്ന് വെള്ളം തുറന്നു വിടുന്നതിനുമുൻപ് പള്ളംതുരുത്തിൽ ഷട്ടർ സ്ഥാപിച്ചില്ലെങ്കിൽ വരുന്ന 2 മാസത്തേക്കു കൂടുതൽ ദുരിതാവസ്ഥയാകും.

# കാലാവസ്ഥാമാറ്റം; നെല്ലിയാമ്പതിയിലും ചൂടു കൂടി

നെല്ലിയാമ്പതി: വനമേഖലയായ നെല്ലിയാമ്പതിയിലും ചൂട് കൂടുന്നു. തണുപ്പു കൂടിയ വിനോദസഞ്ചാര മേഖല എന്ന ഖ്യാതിയാണ് നെല്ലിയാമ്പതിക്ക് ഉള്ളത്. പുലയമ്പാറയിലും, കാരപ്പാറയിലും കഴിഞ്ഞവർഷം മാർച്ച് 19ന് കൂടിയ ചൂട് 31 ഡിഗ്രി രേഖപ്പെടുത്തിയ സ്ഥാനത്ത് ഇന്നലെ 34 ഡിഗ്രി രേഖപ്പെടുത്തി. കുറഞ്ഞ ചൂട് 20 ഡിഗ്രിയാണ്.

നിത്യഹരിത വനമേഖലകൾ ഒഴികെ ഇലകൊഴിയും വനമേഖലകളിലെ മരങ്ങളെല്ലാം ഇലപൊഴിച്ചു തുടങ്ങിയതോടെ പാറക്കൂട്ടങ്ങളും മണ്ണും ചൂട് പിടിച്ചതാണ് നെല്ലിയാമ്പതിയിലെ ചൂട് കൂടാൻ കാരണമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

ചൂടുകൂടിയ താഴ്‌വാരങ്ങളിലെ കാറ്റ് പ്രതിരോധിക്കാനുള്ള സസ്യജാലങ്ങൾ കുറഞ്ഞതോടെ തോട്ടം മേഖലയിലേക്ക് താഴെ നിന്നുള്ള വരണ്ട കാറ്റ് എത്തിത്തുടങ്ങിയതും കാരണമാണ്. അർധരാത്രി മുതൽ രാവിലെ വരെ നേരിയ തോതിൽ മഞ്ഞും തണുപ്പും അനുഭവപ്പെടുന്നുണ്ട്. പകൽ സമയത്ത് കാറ്റ് ഇല്ലാതായതോടെയാണ് ചൂട് കൂടിയത്. നൂറടി, കാരപ്പാറ പുഴകളിലെ നീരൊഴുക്ക് നിലച്ച് വെള്ളം വറ്റിയതോടെ വന്യമൃഗങ്ങൾ എസ്റ്റേറ്റുകളിലെയും മറ്റും ചെക്ക് ഡാമുകൾക്ക് സമീപവും പറമ്പിക്കുളം മേഖല, പോത്തുണ്ടി ഡാം പ്രദേശങ്ങളിലേക്കും നീങ്ങിത്തുടങ്ങി.

ഏതാനും വർഷങ്ങൾക്കു മുമ്പ് വരെ നെല്ലിയാമ്പതിയിലെ റിസോർട്ടുകളിലും, വീടുകളിലും, കടകളിലും ഫാൻ ഉപയോഗിക്കാതിരുന്ന സ്ഥിതി മാറി. എല്ലായിടത്തും ഫാനുകൾ സ്ഥാപിച്ചു തുടങ്ങി. സഫാരി സർവീസ് നടത്തുന്ന ആനമട ഭാഗത്തെ പുൽമേടുകളും ഉണങ്ങി. ഹരിതാഭമായ കുന്നിൻ ചെരുവ് ഇല്ലാതായി. നിത്യഹരിത വനങ്ങളോട് ചേർന്ന് പ്രദേശങ്ങൾ മാത്രമാണ് പച്ചനിറം നിലനിൽക്കുന്നത്. വേനൽ മഴ ലഭ്യമായാൽ ആഴ്ചകൾക്കുള്ളിൽ തന്നെ നെല്ലിയാമ്പതിയുടെ പച്ചപ്പ് വീണ്ടെടുക്കും.

വേനൽ മഴയില്ലാതെ രണ്ടുമാസത്തോളം ആയതോടെയാണ് നെല്ലിയാമ്പതിയുടെ ചൂട് കൂടിയതും ഇലപൊഴിയും കാടുകളിലെ മരങ്ങൾ ഇലകൾ പൊഴിച്ചതും. വേനൽ മഴ വൈകിയാൽ വരും ദിവസങ്ങളിൽ ഇനിയും ചൂട് കൂടുമെന്ന് മേഖലയിലെ തൊഴിലാളികൾ ചൂണ്ടിക്കാട്ടുന്നു.

# നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനം

നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ എട്ടാം ക്ലാസ് പ്രവേശനത്തിന് പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും www.polyadmission.org/ths എന്ന ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

കൂടുതൽ വിവരങ്ങൾക്ക്: 7907788350, 9037183080, 9400006460.

# അരശുംമൂട്കുഴിവിള റോഡിന്റെ ശോച്യാവസ്ഥ; ജനകീയ കൂട്ടായ്മ പ്രക്ഷോഭത്തിലേക്ക്

തിരുവനന്തപുരം: അരശുംമൂട്കുഴിവിള റോഡിൻറെ ശോച്യാവസ്ഥയ്ക്കെതിരെയും കുടിവെള്ള ദൗർലഭ്യതയ്ക്കെതിരെയും പ്രദേശവാസികൾ 'ജനകീയ കൂട്ടായ്മ'യ്ക്കു രൂപം കൊടുത്തു.

ഊരൂട്ടുപറമ്പ് ക്ഷേത്ര മൈതാനിയിൽ കൂടിയ കൂട്ടായ്മയിൽ പ്രദേശത്തെ ജനങ്ങളുടെ ദുരിതമായ വിഷയങ്ങൾ അവതരിപ്പിച്ചു.

വർഷങ്ങൾക്കു മുമ്പ് ബസ് സർ വീസുണ്ടായിരുന്ന അരശുംമൂട്കുഴിവിള റോഡ് സീവേജ് ലൈനിനു വേണ്ടി കുത്തിപ്പൊളിച്ചു പത്തുവർഷംകഴിഞ്ഞിട്ടും ഇന്നേവരെ പുനർ നിർമിക്കാൻ ബന്ധപ്പെട്ട അധികാരികൾക്ക് സാധിച്ചി ല്ലെന്ന് യോഗം ആരോപിച്ചു. റോഡിൻറെ മധ്യഭാഗത്ത് അവിടവിടെയായി കുഴികളെടുത്തിരിക്കുന്നതിനാൽ കാൽനടപോലും സാധിക്കാത്ത അവസ്ഥയാണ്. രോഗികളെ ആശുപത്രിയിലെത്തിക്കുന്നതുപോലും ചുമലിലേറ്റിയാണ്.

മഴ പെയ്താൽ റോഡും വീടുകളും മാലിന്യങ്ങൾ നിറഞ്ഞ വെള്ളത്തിനടിയിലാകും. തെറ്റിയാർ തോടിലേക്ക് വെള്ളം പോയിരുന്ന വഴിയിൽ ടെക്നോപാർക്ക് മതിൽകെട്ടി തടസം സൃഷ്ടിച്ചതാണ് ഇതിനു കാരണം. ഫ്ളാറ്റുകളിൽ നിന്നുള്ള മലിനജലം ഒഴുക്കിവിടുന്നതും ഈ റോഡിലേക്കാണ്.

ആ ഴ്ചയിൽ രണ്ടു ദിവസം മാത്രം കിട്ടിയിരുന്ന കുടിവെള്ളം ഇപ്പോൾ കിട്ടാറില്ല. റോഡ് വെട്ടിപ്പൊളിക്കുന്പോൾ കുടിവെള്ള ലൈനുകൾ പലപ്പോഴും തകരുന്നതിനാൽ പ്രദേശത്ത് കുടിവെള്ളം കിട്ടാക്കനിയാണ്.ബന്ധപ്പെട്ട അധികാരികളെ വിളിക്കുമ്പോൾ പല കാര്യങ്ങൾ പറഞ്ഞ് കൈയൊഴിയുന്നതും പതിവാണ്. ഈ വിഷയങ്ങളിൽ പ്രദേശത്തെ ജനങ്ങളെ സഹായിക്കുന്നതിന് ബന്ധപ്പെട്ട ജനപ്രതിനിധികളോ അധികാരികളോ ശ്രദ്ധി ക്കുന്നില്ല. പൊറുതിമുട്ടിയ ജനങ്ങൾ ഈ സാഹചര്യത്തിലാണ് മുന്നിട്ടിറങ്ങി ജനകീയ കൂട്ടായ്മയ്ക് രൂപം നൽകി വിവിധ പ്രക്ഷോഭ പരിപാടികൾക്ക് നേതൃ ത്വം നൽകാനൊരുങ്ങുന്നത്.

# ലോക ഉപഭോക്തൃ അവകാശദിനം ആചരിച്ചു

ചങ്ങനാശേരി: കൺസ്യൂമർ പ്രൊട്ടക്ഷൻ ആൻഡ് സിറ്റിസൺസ് റൈറ്റ്സ് ഫോറം സംസ്ഥാന സമിതി സംഘടിപ്പിച്ച ലോക ഉപഭോക്തൃ ദിനാചരണവും സെമിനാറും ജോബ് മൈക്കിൾ എംഎൽഎ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന പ്രസിഡന്റ് പി.എസ്. ജയിംസ് അധ്യക്ഷത വഹിച്ചു. വി.ജെ. ലാലി, പി.എസ്. രഘുറാം, ജസ്റ്റിൻ ബ്രൂസ്, ബോബൻ ടി. തെക്കേൽ, മുഹമ്മദ് സിയ, ജയിംസ് കാലാവടക്കൻ, തഹസിൽദാർ ടി. ഐ. വിജയസേനൻ, തരുൺ തമ്പി, ചെറിയാൻ പി. ലോബാ, ശശികുമാർ വരാപ്പുഴ, ജലജ മേനോൻ, ഡ്യൂപ ജയിംസ് എന്നിവർ പ്രസംഗിച്ചു.

മികച്ച സാമൂഹ്യ സേവനത്തിന് കെ. മാധവൻ പിള്ള, ഡോ. തോമസ് ജെ. എന്നിവരെ ആദരിച്ചു. വി.ആർ. രാജു ക്ലാസ് നയിച്ചു.

# കഞ്ചാവ് വില്പന: പ്രതിക്കു നാലു വർഷം കഠിനതടവും 40000 രൂപ പിഴയും ശിക്ഷ

തിരുവനന്തപുരം: കഞ്ചാവ് കേസിൽ ശിക്ഷ അനുഭവിച്ച പ്രതിക്ക് വീണ്ടും കഞ്ചാവ് വിൽപന നടത്തിയ കേസിൽ ശിക്ഷ. തിരുവനന്തപുരം ജില്ലയിൽ തന്പാനൂർ രാജാജി നഗറിൽ താമസിക്കുന്ന സനൽ കുമാറി (44) നെയാണ് നാലു വർഷം കഠിനതടവിനും 40,000 രൂപ പിഴയും ശിക്ഷ വിധിച്ചത്. പിഴ തുക അടക്കാത്ത പക്ഷം ആറു മാസം അധിക കഠിനതടവും അനുഭവിക്കണം.

സമാനമാനമായ മറ്റൊരു കഞ്ചാവ് കേസിൽ ജില്ലാ കോടതി പ്രതിയെ മൂന്നു വർഷം ശിക്ഷിച്ചിരുന്നു. 1.195 കിലോ കഞ്ചാവ് കൈവശം വച്ചു വില്പന നടത്താൻ ശ്രമിച്ചു എന്നായിരുന്നു കുറ്റം. ഒന്നാം അഡീഷണൽ സെഷൻസ് ജഡ്ജ് കെ.പി. അനിൽകുമാർ ആണു ശിക്ഷ വിധിച്ചത്. 2018 ഫെബ്രുവരി മൂന്നിനാണ് തന്പാനൂർ രാജാജി നഗർ മാർക്കറ്റിനു സമീപത്തു നിന്നു കഞ്ചാവുമായി കൻറോൺമെൻറ് പോലീസ് ഇയാളെ പിടികൂടിയത്.

# നിയന്ത്രണംവിട്ട കെഎസ്ആർടിസി ബസ് ഡീസൽ പമ്പ്ഹൗസ് തകർത്തു

നെടുമങ്ങാട്:നിയന്ത്രണംവിട്ട കെഎസ്ആർടിസി ബസ് നെടുമങ്ങാട് ഡിപ്പോയിലെ ഡീസൽ പമ്പ് ഹൗസ് ഇടിച്ച് തകർത്തു. ഡ്രൈവറുടെ അനാസ്ഥയാണ് അപകടകാരണമെന്നാ ണ് ആരോപണം. ഇന്നലെ രാവിലെയാണ് ബസ് പിന്നിലേക്ക് എടുക്കുന്നതിനിടെ നിയന്ത്രണം വിട്ട് ഡിപ്പോയ്ക്കുള്ളിലെ ഡീസൽ പമ്പ് ഹൗസിൽ ഇടിച്ചുകയറിയത്.

പമ്പ് ഹൗസിൻറെ ചുവരിൽ വിള്ളൽ വീണു. കെട്ടിടത്തിൻറെ ഒരു വശത്തെ ജനൽ ഗ്ലാസ് അടക്കം പൂർണമായും ഇടിച്ച് തകർത്താണ് ബസ് നിന്നത്. ഇടിയുടെ ശക്തി അൽപം കൂടി കൂടിയിരുന്നെങ്കിൽ ഡീസൽ പമ്പും തകരുമായിരുന്നു. രാവിലെ ബസ് പിന്നിലേക്ക് എടുക്കുമ്പോൾ ടയറിൽ ആവശ്യമായ കാറ്റ് ഇല്ലാതിരുന്നതിനാലാണ് ബസിൻറെ നിയന്ത്രണംവിട്ട് പോയതെന്നാണ് കെഎസ്ആർടിസി ജീവനക്കാർ പറയുന്നത്.

# കെപിഎസ് ടിഎ ചവറ ഉപജില്ലാ കമ്മിറ്റി ഡിഎ ഉത്തരവിൻെറ കോപ്പി കത്തിച്ച് പ്രതിഷേധിച്ചു

കൊല്ലം :സംസ്ഥാനത്തെ അധ്യാപകർക്കും ജീവനക്കാർക്കും ഡിഎകുടിശിക നിഷേധിച്ച സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് കെപിഎസ്ടിഎ ചവറ ഉപജില്ലാ കമ്മിറ്റി ഉപജില്ല വിദ്യാഭ്യാസ ഓഫീസിന് മുമ്പിൽ പ്രതിഷേധധർണസംഘടിപ്പിച്ചു.

സംസ്ഥാന സെക്രട്ടറി ബി.ജയചന്ദ്രൻ പിള്ള ഡി എ ഉത്തരവിൻറെ കോപ്പി കത്തിച്ച് പ്രതിഷേധ ധർണ ഉദ്ഘാടനം ചെയ്തു.

ഏപ്രിൽമുതൽ അധ്യാപകർക്കും സർക്കാർ ജീവനക്കാർക്കും രണ്ടുശതമാനം ഡിഎപ്രഖ്യാപിച്ച ഉത്തരവിൽ കുടിശിക അനുവദിക്കാത്തത് വഞ്ചനയാണെന്ന് കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ ചവറ ഉപജില്ലാ കമ്മിറ്റി അഭിപ്രായപ്പെട്ടു.

ഉപജില്ല പ്രസിഡൻറ് ഉണ്ണി ഇലവിനാൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന നിർവാഹക സമിതിയംഗം പ്രിൻസി റീന തോമസ് , വരുൺലാൽ, ബൈജു ശാന്തിരംഗം,ഷബിൻ കബീർ, റോജാ മാർക്കോസ്,ബിജു ഡാനിയൽ, മഹേഷ് ചന്ദ്ര, അൻസർ. എ,ഹരുൺ ലാൽ, രാജ് ലാൽ തോട്ടുവാൽ എന്നിവർ പ്രസംഗിച്ചു.

# അസംപ്ഷൻ കോളജിൽ ഡിസൈൻ കളക്ഷൻ ഫാഷൻ ഷോ

ചങ്ങനാശേരി: അസംപ്ഷൻ ഓട്ടോണമസ് കോളജിലെ ഫാഷൻ ടെക്നോളജി വിഭാഗത്തിൻറെ നേതൃത്വത്തിൽ നാളെ വൈകിട്ട് 4.30ന് 'എഫർവെസൻസ് ദ ഡിസൈൻ കളക്ഷൻ ഫാഷൻ ഷോ' കോളജ് ഇൻഡോർ കോർട്ടിൽ നടത്തും. തിരുവല്ല പുളിമൂട്ടിൽ സിൽക്സ് ക്രിയേറ്റീവ് ഡയറക്ടർ രഞ്ജിത റോജർ ഉദ്ഘാടനം ചെയ്യും. കോളജ് വൈസ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ് അധ്യക്ഷത വഹിക്കും.

മൂന്നാം വർഷ ബിരുദ വിദ്യാർഥിനികളായ 23 പേർ പഠനത്തിൻറെ ഭാഗമായി വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി രൂപകല്പന ചെയ്ത വസ്ത്രങ്ങളും ആഭരണങ്ങളും അണിഞ്ഞാകും മോഡലുകൾ റാമ്പിലെത്തുന്നത്.

പഠനത്തോടൊപ്പം സ്വയംപര്യാപ്തതയും എന്ന ആശയത്തിലൂന്നിയാണ് പരിപാടി സംഘടിപ്പിക്കുന്നതെന്ന് പ്രിൻസിപ്പൽ റവ.ഡോ. തോമസ് ജോസഫ് പാറത്തറ, വൈസ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ്, ഫാഷൻ ടെക്നോളജി വിഭാഗം മേധാവി ലീസ് തങ്കം മാത്യു എന്നിവർ പറഞ്ഞു.

# ഹോട്ടൽ ഉടമയുടെ പണവും ടാബുകളും മൊബൈലും കവർന്നു

കോവളം : കോവളത്തെ സ്വകാര്യ ഹോട്ടലിൽ ജോലി ചെയ് തിരുന്ന ഉത്തരേന്ത്യൻ തൊഴിലാളികൾ ഹോട്ടൽ ഉടമയുടെ പണവും ടാബുകളും മൊബൈൽ ഫോണും കവർന്ന് കടന്നു കളഞ്ഞതായി പരാതി.

കോവളം ലൈറ്റ് ഹൗസ് ബീച്ചിൽ വിപിൻ രാജിൻറെ ഉടമസ്ഥയിലുള്ള ഹോട്ടലിലെ റസ്റ്റോറൻറ് ജീവനക്കാരാണ് കവർച്ച നടത്തിയത്. ഇവിലെ ജോലി ചെയ്തിരുന്ന രണ്ട് തൊഴിലാളികൾ ഇന്നലെ രാവിലെ നാട്ടിലേക്ക് പോയിരുന്നു. സംശയത്തെ തുടർന്ന് ഹോട്ടലിലെ സിസിടിവി കാമറ പരിശോധിച്ചപ്പോഴാണ് മോഷണദൃശ്യങ്ങൾ ഉടമയ്ക്ക് ലഭിച്ചത്.

മൂന്നുമാസം മുമ്പാണ് വെസ്റ്റ് ബംഗാൾ, നാഗലാൻറ് എന്നിവിടങ്ങളിൽ നിന്നുമുള്ള രണ്ടംഗ സംഘം ഹോട്ടലിൽ ക്ലീനിംഗ് ജോലിക്ക് എത്തിയത്. കഴിഞ്ഞ ദിവസം നാട്ടിൽ പോകണമെന്നു പറഞ്ഞു മൂന്നു ദിവസത്തെ ശമ്പളം ഒഴിച്ച് ബാക്കി തുക കൈപ്പറ്റുകയും ഇന്നലെ രാവിലെ ആറുമണിയോടെ ലൈറ്റ് ഹൗസ് ബീച്ചിൽ നിന്ന് ഒരു ഓട്ടോയിൽ കയറി പോകുകയും ചെയ്തിരുന്നു.

ഉടമയുടെ പരാതിയെ തുടർന്ന് കോവളം പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

# ചട്ടമ്പിസ്വാമി കേരള നവോഥാന ചരിത്രത്തിലെ ശക്തമായ ഏട് : എം. മുകേഷ്

ചവറ : ചട്ടമ്പിസ്വാമി കേരള നവോത്ഥാന ചരിത്രത്തിലെ ശക്തമായ ഏടാണെന്ന് കൊല്ലം എൽ ഡി എഫ് സ്ഥാനാർഥിഎം മുകേഷ്. തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ പന്മന ആശ്രമത്തിലെത്തിയ മുകേഷ് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു.

കേരളം ഇന്ന് കാണുന്ന തരത്തിൽ നില നിൽക്കുന്നത് സ്വാമികളെ പോലുള്ള നവോത്ഥാന നായകരുടെ സമർഥമായ ഇടപെടൽ കൊണ്ടാണെന്നും, അതിനനുസൃതമായി ഉയർന്നു വന്ന കേരളത്തിൻറെ സാമൂഹ്യവ്യവസ്ഥിതി കേരളത്തെ ലോകനിലവാരത്തിലേക്ക് ഉയർത്തിയെന്നും മുകേഷ് പറഞ്ഞു. ഇന്നലത്തെ പര്യടനം രാവിലെ പന്മന ആശ്രമത്തിൽ നിന്നുമാണ് തുടങ്ങിയത്.

തുടർന്ന് സിപി എം നേതാവ് എം .കെ. ഭാസ്കരൻറെശവകുടീരത്തിൽ പുഷ്പാർച്ചന നടത്തി. ചവറ എം എൽഎ സുജിത്ത് വിജയൻ പിള്ളയും മുകേഷിനെ അനുഗമിച്ചു.

# വ്യാപാരി വ്യവസായി ഏകോ പന സമിതി അപകട ഇൻഷുറൻസ് മേള നടത്തി

കൊട്ടാരക്കര:കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കൊട്ടാരക്കര യൂണിറ്റിൻറെ നേതൃത്വത്തിൽ തപാൽ വകുപ്പുമായി സഹകരിച്ച് അപകട ഇൻഷുറൻസ് മേള നടത്തി.വ്യാപാരഭവനിൽ നടന്ന മേള പ്രസിഡൻറ് ഹാജി.എം.ഷാഹുദീൻ ഉൽഘാടനം ചെയ്തു. കൊല്ലം ഇന്ത്യ പോസ്റ്റ് ബാങ്ക് മാനേജർ എലിസബത്തു മുഖ്യപ്രഭാഷണം നടത്തി. 300 ൽ അധികം ആൾകാർ പദ്ധതിയിൽ അംഗമായി 555 രൂപക്ക് 10 ലക്ഷം രൂപയുടെയും ,755 രൂപക്ക് 15 ലക്ഷം രൂപയുടെയും പ്ലാനുകളിനാണ് കൂടുതൽ പേർ ചേർന്നത്, ഭാരവാഹികൾ ആയ ഷിബി ജോർജ്, സി.എസ്. മോഹൻദാസ്,വൈ. സമൂവൽ കുട്ടി, കെ.കെ.അലക്സാണ്ടർ,ദുർഗഗോപാലകൃഷ്ണൻ, വി.സി.പി. ബാബുരാജ്, റെജിനിസ,ഷംനാദ് കല്ലുമുട്ടിൽ, ഡാനിയൽകുട്ടി,ഷാജഹാൻ,തുടങ്ങിയവർ പ്രസംഗിച്ചു.

# ബഹിരാകാശ ദൗത്യങ്ങൾക്കുള്ള തന്ത്രപ്രധാന വസ്തുക്കളുടെ വികസനത്തിനായി എൻഐഐഎസ്ടിവിഎസ്എസ് സിയുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു

തിരുവനന്തപുരം: ബഹിരാകാശ പദ്ധതികൾക്കുള്ള തന്ത്രപ്രധാനമായ വസ്തുക്കൾ വികസിപ്പിക്കാനും ഗവേഷണം ശക്തിപ്പെടുത്തുന്നതിനുമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻറർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (സിഎസ്ഐആർ എൻഐഐഎസ്ടി) വിക്രം സാരാഭായ് സ്പേസ് സെൻററുമായി (വിഎസ്എസ് സി) സമഗ്ര ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

എൻഐഐഎസ്ടി ഡയറക്ടർ ഡോ. സി അനന്തരാമകൃഷ്ണൻ വിഎസ്എസ് സി ഡയറക്ടർ ഡോ. എസ് ഉണ്ണികൃഷ്ണൻ നായരുമായി ഇത് സംബന്ധിച്ച സംയുക്ത ധാരണാപത്രം കൈമാറി. ബഹിരാകാശ പദ്ധതികൾക്കായുള്ള തന്ത്രപ്രധാന ലോഹസങ്കരമടക്കമുള്ള നവീന ഉത്പന്നങ്ങളുടെ ഗവേഷണത്തിനും വികസനത്തിനുമായാണ് ധാരണ.

കേന്ദ്ര സർക്കാരിൻറെ കൗൺസിൽ ഓഫ് സയൻറിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ചിന് (സിഎസ്ഐആർ) കീഴിലുള്ള പ്രധാനപ്പെട്ട ഗവേഷണ കേന്ദ്രമായ എൻഐഐഎസ്ടി ബഹിരാകാശ മേഖലയിലെ ഗവേഷണത്തിലും വികസനത്തിലും മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനത്തിൻറെ (ഐഎസ്ആർഒ) പ്രധാന കേന്ദ്രമായ വിഎസ്എസ് സിയ്ക്ക് ഈ നേട്ടങ്ങൾ ഫലപ്രദമാകും.




*ബഹിരാകാശ പദ്ധതികൾക്കുള്ള തന്ത്രപ്രധാന വസ്തുക്കളുടെ വികസനവും ഗവേഷണവും ലക്ഷ്യമാക്കിയുള്ള ധാരണാപത്രം ഐഎസ്ആർഒ ചെയർമാൻ എസ് സോമനാഥിൻറെ സാന്നിധ്യത്തിൽ എൻഐഐഎസ്ടി ഡയറക്ടർ ഡോ.സി അനന്തരാമകൃഷ്ണൻ വിഎസ്എസ്സി ഡയറക്ടർ ഡോ. എസ് ഉണ്ണികൃഷ്ണന് കൈമാറുന്നു.*

ബഹിരാകാശ ഗവേഷണത്തിലും സാങ്കേതികവിദ്യയിലും ഇന്ത്യയ്ക്ക് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ഉന്നത നിലവാരമുള്ള മെറ്റീരിയലുകളും ഇലക്ട്രോണിക്സ് ഘടകങ്ങളും ഐഎസ്ആർഒയ്ക്ക് ആവശ്യമാണ്. രാജ്യത്തിനകത്ത് തന്നെ ഇവ നിർമ്മിക്കുന്നതിൽ ഞങ്ങൾ എപ്പോഴും ശ്രദ്ധിക്കാറുണ്ടെന്ന് ഐഎസ്ആർഒ ചെയർമാൻ എസ്. സോമനാഥ് പറഞ്ഞു.

റോക്കറ്റുകൾക്കും ഉപഗ്രഹങ്ങളുടെ നിർമ്മാണത്തിനും ഐഎസ്ആർഒ ഉപയോഗിക്കുന്ന വസ്തുക്കളിൽ ഏറിയ പങ്കും രാജ്യത്തിനകത്ത് തന്നെയുള്ളവയാണ്. അതേസമയം ഉയർന്ന നിലവാരത്തിലുള്ള സംയുക്തങ്ങളും ഇലക്ട്രോണിക്സ് ഘടകങ്ങളും നിർമ്മിക്കുന്നതിന് നമുക്ക് ഇപ്പോഴും ചില ന്യൂനതകളുണ്ട്. ഈ രംഗത്ത് നമ്മൾ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കണം. ലോകത്തിൻറെ നെറുകയിലെത്തണമെങ്കിൽ ഈ മേഖലകൾ നിർണായകമാണെന്നും വലിയ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള ഒരേയൊരു മാർഗമാണിതെന്നും ഡോ. സോമനാഥ് ചൂണ്ടിക്കാട്ടുന്നു.

ഐഎസ്ആർഒയുടെ ബഹിരാകാശ പദ്ധതികൾക്കായുള്ള തന്ത്രപ്രധാന വസ്തുക്കൾ നിർമ്മിക്കുന്നതിന് എൻഐഐഎസ്ടി സുപ്രധാന പരിഗണനയാണ് നൽകുന്നതെന്നും ഐഎസ്ആർഒയുടെ നിർദേശം അനുസരിച്ചുള്ള പ്രത്യേക എഞ്ചിനീയറിംഗ് ഘടകങ്ങൾ നിർമ്മിച്ച് നൽകുമെന്നും എൻഐഐഎസ്ടി ഡയറക്ടർ ഡോ. സി അനന്തരാമകൃഷ്ണൻ പറഞ്ഞു.ഇലക്ട്രോണിക്, മാഗ്നറ്റിക് ആപ്ലിക്കേഷനുകൾക്കായുള്ള ഉത്പന്നങ്ങൾ, യാന്ത്രിക ലോഹസങ്കരമടക്കമുള്ള തന്ത്രപ്രധാന വസ്തുക്കളുടെ ഗവേഷണവും വികസനവുമെല്ലാം ഇതിൽ ഉൾപ്പെട്ടിരിക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. ഉന്നത നിലവാരമുള്ള ഗവേഷണത്തിനും ഉത്പന്നങ്ങളുടെ വികസനത്തിനുമായി അത്യാധുനിക സംവിധാനങ്ങൾ എൻഐഐഎസ്ടി സജ്ജീകരിച്ചിട്ടുണ്ട്. കാർബൺ ഫൈബർ സംയുക്തങ്ങൾ, ഇറിഡിയം കോട്ടിംഗുകൾ തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിന് ഇതിനോടകം വിഎസ്എസ് സി, എൻഐഐഎസ്ടിയുമായി സഹകരിക്കുന്നുണ്ട്.

ചന്ദ്രയാൻ, ആദിത്യഎൽ വൺ പദ്ധതികളുടെ വിജയത്തിന് ശേഷം ഇനിയുള്ള ബഹിരാകാശ പദ്ധതികൾക്ക് വേണ്ട തന്ത്രപരമായ വസ്തുക്കളും നൂതന സാങ്കേതികവിദ്യകളും തദ്ദേശീയമായി വികസിപ്പിക്കാനാണ് ഐഎസ്ആർഒയുടെ ശ്രമം. അടുത്തകാലത്തെ ചരിത്രപരമായ നേട്ടങ്ങൾ കണക്കിലെടുക്കുമ്പോൾ രണ്ട് പ്രധാനപ്പെട്ട സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം വരും വർഷങ്ങളിൽ ബഹിരാകാശ ദൗത്യങ്ങളിൽ തിളക്കമാർന്ന വിജയങ്ങൾക്ക് പ്രചോദനമാകും. ശാസ്ത്ര സാങ്കേതിക മേഖലകളിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ഈ ധാരണ സഹായകമാകും.

# ലോക വദനാരോഗ്യ ദിനം ആചരിച്ചു

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ലോകവദനാരോഗ്യ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രിയിൽ ആരോഗ്യകുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് നിർവഹിച്ചു. ഡിജിറ്റൽ ദന്താരോഗ്യ ബോധവത്കരണ പരിപാടിയായ 'ദന്തകിരണി'ന്റെ ലോഗോ പ്രകാശനവും അദ്ദേഹം നിർവഹിച്ചു.

ചടങ്ങിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. റീന കെ.ജെ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ഡയറക്ടർ (ഡെന്റൽ) ഡോ. സൈമൺ മോറിസൺ വിഷയാവതരണം നടത്തി. അഡീഷണൽ ഡയറക്ടർ (പ്ലാനിങ്) ഡോ. ഷിനു കെ.എസ്, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. ബിന്ദുമോഹൻ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ആശാവിജയൻ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം) ഡോ. റീത്ത കെ.പി സ്വാഗതവും ഫോർട്ട് താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. അജിത് കുമാർ എസ്.എൽ നന്ദിയും പറഞ്ഞു. 'ആനന്ദവദനം...ശരീരം സന്തോഷ ഭരിതം' എന്നതായിരുന്നു ഈ വർഷത്തെ ദിനാചരണ സന്ദേശം. മികച്ച സേവനം കാഴ്ചവെച്ച ഡെന്റൽ സർജന്മാർക്കും ഡെന്റൽ ഓക്സിലിയറി സ്റ്റാഫിനും ചടങ്ങിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ദന്താരോഗ്യ ബോധവത്കരണത്തോടനുബന്ധിച്ചു സംഘടിപ്പിച്ച പ്രശ്നോത്തരി മത്സര ജേതാക്കൾക്ക് സമ്മാനവിതരണവും നടത്തി. തുടർന്ന് നടന്ന വദനാരോഗ്യ ബോധവത്കരണ ക്ലാസിന് ഫോർട്ട് താലൂക്ക് ആശുപത്രിയിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻ ഡോ. ബാബു ഇ.സി നേതൃത്വം നൽകി. ഉദ്ഘാടനച്ചടങ്ങിനോടനുബന്ധിച്ചു തിരുവനന്തപുരം ഡെന്റൽ കോളേജിലെ ബിഡിഎസ് വിദ്യാർത്ഥികൾ അവതരിപ്പിച്ച ഫ്ലാഷ്മോബ് ശ്രദ്ധേയമായി.

## നിർത്തിയിട്ട ലോറിക്കു പിന്നിൽ ഇടിച്ച് മിനിലോറിയിലെ സഹായി മരിച്ചു

ആലത്തൂർ: ദേശീയപാത ആലത്തൂരിൽ നിർത്തിയിട്ട ലോറിക്കു പിന്നിൽ മിനിലോറിയിടിച്ച് മിനിലോറിയിലെ ഡ്രൈവറുടെ സഹായി മരിച്ചു. തമിഴ്നാട് വിഴിപ്പുറം സ്വദേശി അണ്ണാമലൈയുടെ മകൻ സുബ്രഹ്മണ്യൻ(64) ആണ് മരിച്ചത്. മിനി ലോറിയിൽ ഡ്രൈവറുടെ ഇടതുഭാഗം സീറ്റിൽ സഞ്ചരിച്ച ആളാണ് സുബ്രഹ്മണ്യൻ. ഗുരുതരമായി പരിക്കേറ്റ ഇയാൾ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ച ശേഷമാണ് മരിച്ചത്. ഇന്നലെ പുലർച്ചെ മൂന്നോടെയാണ് അപകടം. മൃതദേഹം മെഡിക്കൽ കോളജ് മോർച്ചറിയിൽ. ബന്ധുക്കളെത്തി നടപടികൾ പൂർത്തിയാക്കിയശേഷം ഇന്ന് പോസ്റ്റ്മോർട്ടം നടത്തും.

# തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ പൂർണം, പെരുമാറ്റച്ചട്ടം കർശനമായി നടപ്പാക്കും, വ്യാജ പ്രചാരണങ്ങൾക്കെതിരെ നടപടി: മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ

ലോക്സഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് മാതൃക പെരുമാറ്റ ചട്ടം പാലിക്കുന്നത് ഉറപ്പാക്കാൻ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ പറഞ്ഞു. സുതാര്യവും സുരക്ഷിതവുമായി തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്.

മാർച്ച് 18 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 2,72,80,160 വോട്ടർമാരാണ് ഉള്ളത്. ഇതിൽ 1,31,84,573 പുരുഷ വോട്ടർമാരും 1,40,95,250 സ്ത്രീ വോട്ടർമാരും ആണ്. 85 വയസ്സ് പിന്നിട്ട 2,49,960 വോട്ടർമാരും 100 വയസ്സ് പിന്നിട്ട 2,999 പേരുമുണ്ട്. 3,70,933 യുവ വോട്ടർമാരും 88,384 പ്രവാസി വോട്ടർമാരും ഉണ്ട്. പുതുതായി വോട്ടർ പട്ടികയിൽ ചേർക്കുന്നതിനും പട്ടിക ശുദ്ധീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. മാർച്ച് 25 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അപേക്ഷിക്കുന്നവർക്ക് ലോക്സഭാതിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ ഉൾപ്പെട്ട് സമ്മതിദാനാവകാശം വിനിയോഗിക്കാൻ അവസരം ഉണ്ടാകും. വോട്ടെടുപ്പിനായി 25,177 തിരഞ്ഞെടുപ്പ് ബൂത്തുകളും 181 ഉപ ബൂത്തുകളും അടക്കം ആകെ 25,358 ബൂത്തുകൾ ഉണ്ടാകും. എല്ലാ ബൂത്തുകളിലും കുടിവെള്ളം, ശൗചാലയം, റാമ്പ്, വൈദ്യുതി തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ഉണ്ടാകും. സ്ത്രീ, ഭിന്നശേഷി, യുവ,സൗഹൃദ ബൂത്തുകളും മാതൃക, ഹരിത ബൂത്തുകളും ഉണ്ടാകും. സ്ത്രീകൾ മാത്രം നിയന്ത്രിക്കുന്ന 555 ബൂത്തുകൾ, യുവാക്കൾ മാത്രം നിയന്ത്രിക്കുന്ന നൂറു ബൂത്തുകൾ, ഭിന്നശേഷിക്കാർ മാത്രം നിയന്ത്രിക്കുന്ന 10 ബൂത്തുകൾ, 2,776 മാതൃക ബൂത്തുകൾ എന്നിവയും ഉണ്ടാകും. 85 വയസ്സിന് മുകളിൽ പ്രായമുള്ള വോട്ടർമാർക്കും 40% വൈകല്യമുള്ള ഭിന്നശേഷിക്കാർക്കും വീടുകളിൽ വോട്ട് ചെയ്യാൻ കഴിയും.

പൊതുജനങ്ങൾക്ക് ലോക്സഭാ തിരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിന് കോൾ സെന്ററുകൾ പ്രവർത്തനം തുടങ്ങി. ജില്ലകളിൽ 1950 എന്ന നമ്പരിലും ചീഫ് ഇലക്ടറൽ ഓഫീസിൽ 18004251965 എന്ന നമ്പറിലും ബന്ധപ്പെടാവുന്നതാണ്. പൊതുജനങ്ങൾക്ക് പെരുമാറ്റച്ചട്ടം സംബന്ധിച്ച പരാതികൾ ഇ്ശഴശഹ എന്ന ആപ്പിലൂടെ അറിയിക്കാം. 100 മിനിറ്റിനുള്ളിൽ ഇതിൽ നടപടി ഉണ്ടാകും. സുവിധ, വോട്ടർ ഹെൽപ്പ് ലൈൻ ആപ്പ്, സക്ഷം, നോ യുവർ കാൻഡിഡേറ്റ് മൊബൈൽ ആപ്പ് എന്നിവയും കുറ്റമറ്റ തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കായി സജ്ജം ആയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് വിവിധ ഘട്ടങ്ങളായി പരിശീലനം നൽകി. സാമൂഹ്യ മാധ്യമങ്ങളിൽ അടക്കം പെരുമാറ്റ ചട്ടത്തിന് വിരുദ്ധമായ പ്രചാരണം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കും. വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നതിനെതിരെയും, ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടുകൂടി ദൃശ്യങ്ങൾ നിർമ്മിച്ചു ദുരുദ്ദേശപരമായി പ്രചാരണത്തിന് ഉപയോഗിക്കുന്നതിനെതിരെയും നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കും. ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും പ്രശ്ന സാധ്യത ബൂത്തുകൾ കണ്ടെത്തി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനും പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പ് കേന്ദ്രങ്ങളിലേക്ക് ഉദ്യോഗസ്ഥരെ പക്ഷപാതരഹിതമായും സുതാര്യമായും നിയമിക്കുന്നതിന് ഓർഡർ എന്ന പേരിൽ സോഫ്റ്റ്വെയർ സജ്ജമാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും ഉദ്യോഗസ്ഥ നിയമനം നടത്തുക. വോട്ടെടുപ്പ് ദിവസം ബൂത്തുകളിൽ വെബ് കാസ്റ്റ് സംവിധാനം ഒരുക്കും. സംസ്ഥാനത്തെ എല്ലാ ചെക്ക് പോസ്റ്റുകളും സിസിടിവി നിരീക്ഷണത്തിൽ ആയിരിക്കും. വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അപേക്ഷിച്ചിട്ടുള്ളവരുടെ 21,04,787 കാർഡുകൾ പ്രിന്റിങ്ങിന് അയച്ചു. ഇതിൽ 17,25,176 കാർഡുകൾ പ്രിന്റിംഗ് പൂർത്തിയാക്കി തിരികെ ലഭിച്ചു. ഇവ വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു . ഈ മാസം അവസാനത്തോടുകൂടി വിതരണം പൂർത്തിയാകും.

തിരഞ്ഞെടുപ്പ് ഐഡി കാർഡിന് പുറമേ തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള മറ്റ് തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ചും വോട്ട് ചെയ്യാനാകും. വോട്ടർപട്ടികയിൽ പേര് ചേർത്തിട്ടില്ലാത്തവർ പട്ടികയിൽ ചേരുകയും വോട്ടവകാശം വിനിയോഗിക്കുകയും ചെയ്യണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

# ശോഭ കരന്ദലജെ കേരളത്തിന് എതിരായ അധിക്ഷേപ പരാമർശം പിൻവലിച്ച് മാപ്പ് പറയണം: വി ഡി സതീശൻ

തിരുവനന്തപുരം: കേരളത്തെയും മലയാളികളെയും ആക്ഷേപിച്ചുള്ള പരാമർശം പിൻവലിച്ച് പരസ്യമായി മാപ്പ് പറയാൻ കേന്ദ്ര മന്ത്രി ശോഭ കരന്ദലജെ തയാറാകണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ആവശ്യപ്പെട്ടു. കേരളത്തിന് എതിരായ പ്രസ്താവന പിൻവലിച്ച് മാപ്പ് പറയാൻ തയാറായില്ലെങ്കിൽ കോൺഗ്രസും യു.ഡി.എഫും തിരഞ്ഞെടുപ്പ് കമ്മിഷനെ സമീപിക്കുന്നത് ഉൾപ്പെടെയുള്ള നിയമനടപടികളെ കുറിച്ച് ആലോചിക്കുമെന്നും പ്രതിപക്ഷ നേതാവ് അറിയിച്ചു.വെറുപ്പും വിദ്വേഷവും സമൂഹത്തിൽ കലർത്തി ജാതീയവും വംശീയവുമായി ജനങ്ങളെ വേർതിരിച്ച് രാഷ്ട്രീയ നേട്ടമുണ്ടാക്കുകയെന്ന ബി.ജെ.പിയുടെ പതിവ് രീതിയാണ് ശോഭ കരന്ദലജെയുടെ പ്രസ്താവനയും. ഇത്തരം പരാമർശങ്ങളിലൂടെ മതസൗഹാർദ്ദം ഇല്ലാതാക്കാനാണ് ബി.ജെ.പി ശ്രമിക്കുന്നതെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

# 'സ്റ്റാർട്ടപ്പ് മഹാകുംഭ് 2024' ൽ തിളങ്ങി കെഎസ് യുഎം സ്റ്റാർട്ടപ്പുകൾ

## കേരളത്തിൽ നിന്നുള്ള ഒൻപത് സ്റ്റാർട്ടപ്പുകൾ പങ്കെടുത്തു

തിരുവനന്തപുരം: രാജ്യത്തെ സ്റ്റാർട്ടപ്പ് അന്തരീക്ഷവും നയങ്ങളും നവീകരണവും പ്രോത്സാപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച 'സ്റ്റാർട്ടപ്പ് മഹാകുംഭ് 2024' ൽ ശ്രദ്ധേയമായി കേരള സ്റ്റാർട്ടപ്പ് മിഷനു കീഴിലുള്ള സ്റ്റാർട്ടപ്പുകൾ. ന്യൂഡൽഹിയിൽ നടന്ന മൂന്നു ദിവസത്തെ പരിപാടിയിൽ കേരളത്തിൽ നിന്നുള്ള ഒൻപത് സ്റ്റാർട്ടപ്പുകൾ ഉത്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിച്ചു.

അസോചം, നാസ്കോം, ബൂട്ട്സ്ട്രാപ്പ് ഇൻകുബേഷൻ ആൻഡ് അഡ്വൈസറി ഫൗണ്ടേഷൻ, ടൈ, ഇന്ത്യൻ വെഞ്ചർ ആൻഡ് ആൾട്ടർനേറ്റ് ക്യാപിറ്റൽ അസോസിയേഷൻ (ഐവിസിഎ) എന്നിവർ സംയുക്തമായി സംഘടിപ്പിച്ച പരിപാടിയ്ക്ക് ഡിപ്പാർട്ട്മെൻറ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറേണൽ ട്രേഡിൻറെ (ഡിപിഐഐടി) പിന്തുണയുണ്ട്.

കേരളത്തിലെ സ്റ്റാർട്ടപ്പുകളുടെ ഉത്പന്നങ്ങളും സേവനങ്ങളും 'സ്റ്റാർട്ടപ്പ് മഹാകുംഭ് 2024' ൽ പ്രദർശിപ്പിക്കാൻ സാധിച്ചത് സുപ്രധാന ചുവടുവയ്പ്പാണെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. ഇന്ത്യയിലെ പുത്തൻ സാങ്കേതികവിദ്യകൾ ആഗോള സംരംഭക മേഖലയിൽ പരിചയപ്പെടുത്താനുള്ള സവിശേഷ വേദിയാണിത്.

വ്യവസായ വിദഗ്ധരും യൂണികോൺ സ്ഥാപകരും പങ്കെടുത്ത ശില്പശാലകളിലൂടെയും ചർച്ചകളിലൂടെയും കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് പുതിയ ഉൾക്കാഴ്ച ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിൻറെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്താൻ സ്റ്റാർട്ടപ്പ് മഹാകുംഭിലെ പങ്കാളിത്തം സഹായകമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിവിധ രാജ്യങ്ങളിൽ നിന്നുള്ള 1000ലധികം സ്റ്റാർട്ടപ്പുകൾ പങ്കെടുത്ത പരിപാടിയിൽ യൂണികോൺ സ്റ്റാർട്ടപ്പുകൾ, വെഞ്ചർ ക്യാപിറ്റലിസ്റ്റുകൾ, കോർപറേറ്റുകൾ, വ്യവസായ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു. നേതൃത്വ ചർച്ചകൾ, പാനൽ ചർച്ചകൾ, ശിൽപശാലകൾ തുടങ്ങിയവയും പരിപാടിയുടെ ഭാഗമായുണ്ടായിരുന്നു.

ഡെയ്ൽ വിഹാരി ട്രിപ്സ്, പിക്കി അസിസ്റ്റ്, അപ്പോത്തിക്കരി മെഡിക്കൽ സർവീസസ് , ആൽഫഗീക് എൻറർപ്രൈസസ്, ഷഡംഗ ആയുർവേദ്, വെൻറപ്പ് വെഞ്ചേഴ്സ്, ബസ്ക്യാച്, ബെൻലികോസ്, ആക്രി ഇംപാക്ട് എന്നിവയാണ് 'സ്റ്റാർട്ടപ്പ് മഹാകുംഭ് 2024' ൽ കേരളത്തിൽ നിന്ന് പങ്കെടുത്ത സ്റ്റാർട്ടപ്പുകൾ.

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ മാർച്ച് 1820 വരെ നടന്ന പരിപാടിയിൽ 1000 ലധികം നിക്ഷേപകർ, 500 ലധികം ഇൻകുബേറ്ററുകൾ ആൻറ് ആക്സിലറേറ്ററുകൾ, 5000 ത്തോളം പ്രതിനിധികൾ, പത്തിലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, 40,000 ലധികം സന്ദർശകർ എന്നിവരും പരിപാടിയിൽ പങ്കെടുത്തു.




*ന്യൂഡൽഹിയിൽ നടന്ന 'സ്റ്റാർട്ടപ്പ് മഹാകുംഭ് 2024'ൽ പങ്കെടുത്ത കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രതിനിധികൾ.*

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



ആശുപത്രിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി ഭദ്ര ദീപം തെളിച്ച് പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നു.

# ജോലി വാഗ്ദാനംചെയ്ത് പണം തട്ടി; കലാഭവൻ സോബി ജോർജ് അറസ്റ്റിൽ

വയനാട്: വിദേശരാജ്യങ്ങളിലേക്ക് ജോലി വാഗ്ദാനം ചെയ്ത് പണം തട്ടിയെന്ന പരാതിയിൽ കലാഭവൻ സോബി ജോർജ് അറസ്റ്റിൽ. കൊല്ലത്തുവച്ചാണ് പോലീസ് ഇയാളെ പിടികൂടിയത്. പുൽപ്പള്ളി സ്വദേശിനിയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് പോലീസിൻറെ നടപടി.

മൂന്നു വർഷം മുമ്പാണ് വിദേശ രാജ്യത്ത് ജോലി വാഗ്ദാനംചെയ്ത് പുൽപ്പള്ളി സ്വദേശിനിയിൽനിന്ന് മൂന്നു ലക്ഷം രൂപ തട്ടിയത്. സംസ്ഥാനത്തെ വിവിധ സ്റ്റേഷനുകളിലായി സമാന പരാതിയിൽ ഇരുപത് കേസുകളും ഇയാളുടെ പേരിലുണ്ട്. നിരവധി ചെക്ക് കേസുകളിലും സോബി പ്രതിയാണ്.

വയനാട്ടിൽ ആറ് കേസുകളടക്കം സംസ്ഥാനത്ത് 26 കേസുകളാണ് ഇയാൾക്കെതിരെയുള്ളതെന്ന് പോലീസ് പറഞ്ഞു. വയനാട്ടിൽ നിന്ന് മാത്രം 25 ലക്ഷം രൂപ ഇയാൾ തട്ടിയതായാണ് നിഗമനം. ഇയാൾ സഞ്ചരിച്ചിരുന്ന ബെൻസ് കാറും കസ്റ്റഡിയിലെടുത്തതായി പോലീസ് അറിയിച്ചു.

വയലിനിസ്റ്റ് ബാലഭാസ്കറിൻറെ മരണത്തിൽ സാക്ഷിയാണെന്ന് പറഞ്ഞ് ഇയാൾ രംഗത്തു വന്നിരുന്നു. അപകടം നടന്ന് ഏറെക്കഴിഞ്ഞശേഷം ഈ സ്ഥലത്തുകൂടി സോബി പോയിട്ടുണ്ട്. അല്ലാതെ അപകടത്തിനു സാക്ഷിയല്ല. ഒരു കേസിൽ അറസ്റ്റ് ഒഴിവാക്കാൻ രക്ഷപ്പെടുമ്പോഴാണ് ഇയാൾ അപകട സ്ഥലത്ത് എത്തിയതെന്നും ബാലഭാസ്കറിൻറെ മരണവുമായി ബന്ധപ്പെട്ട കുറ്റപത്രത്തിൽ പറയുന്നു. സോബി നൽകിയ വിവരങ്ങളെല്ലാം വസ്തുതാ വിരുദ്ധമാണെന്നാണ് സിബിഐ കണ്ടെത്തൽ. ഇയാൾ കള്ളം പറഞ്ഞിരുന്നതായി നുണപരിശോധനയിലും കണ്ടെത്തിയിരുന്നു.

അതേസമയം, ബാലഭാസ്കർ കേസുമായി ബന്ധപ്പെട്ട് നൽകിയ മൊഴിയിൽ താൻ ഉറച്ചുനിൽക്കുന്നതായും കഴിഞ്ഞദിവസം സിബിഐക്ക് മൊഴി നൽകിയതിൻറെ പരിണിതഫലമാണ് നിലവിലെ കേസുകളെന്നും സോബി പ്രതികരിച്ചു. കോടതിയിലേക്ക് കൊണ്ടുപോകാൻ വാഹനത്തിൽ കയറ്റുന്നതിനിടെയാണ് ഇ!യാൾ ഇക്കാര്യം പറഞ്ഞത്.

# വൃക്ക രോഗപരിചരണം: എസ് യു ടി നെഫ്രോളജി വിഭാഗം പഠന ക്ലാസ് നടത്തി

തിരുവനന്തപുരം: ലോക വൃക്ക ദിനത്തോടനുബന്ധിച്ച് എസ് യു ടി ആശുപത്രിയുടെ നെഫ്രോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഹോട്ടൽ എസ് പി ഗ്രാന്റ് ഡേയ്സിൽ വച്ച് ഡയാലിസിസ് ടെക്നീഷ്യന്മാർക്കായി തുടർ വിദ്യാഭ്യാസ പരിപാടി സംഘടിപ്പിച്ചു. ആശുപത്രിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഹീമോഡയാലിസിസിന്റെ സമകാലിക വിവരങ്ങളെ പറ്റി അവബോധരാകുന്നതിലൂടെ വൃക്ക രോഗികൾക്ക് മികച്ച രീതിയിലുള്ള ചികിത്സയും പരിചരണവും നൽകാൻ സാധിക്കുമെന്നതിനാലാണ് ഇത്തരം ഒരു പരിപാടി സംഘടിപ്പിച്ചതെന്ന് ഉത്ഘാടന വേളയിൽ അദ്ദേഹം പറഞ്ഞു. വൃക്ക മാറ്റിവക്കൽ 'ശസ്ത്രക്രിയക്ക് ശേഷമുള്ള പരിചരണ'ത്തെ പറ്റി ആശുപത്രിയുടെ ട്രാൻസ്പ്ലാന്റ് സർജൻ ഡോ. ശിവരാമകൃഷ്ണൻ (സീനിയർ കൺസൾട്ടന്റ് യൂറോളജിസ്റ്റ്) അവബോധ ക്ലാസ്സ് നടത്തി.

നെഫ്രോളജി വിഭാഗം ഡോക്ടർമാരായ ഡോ. വിഷ്ണു ആർ എസ്, ഡോ. നിഷി മാത്യു എന്നിവർ 'Continuous Renal Replacement Therapy (CRRT)', 'ഹീമോഡയാലിസിസ് രോഗികളുടെ ഭക്ഷണ രീതി' എന്നീ വിഷയങ്ങളെ പറ്റി സംസാരിച്ചു. നെഫ്രോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജേക്കബ് ജോർജ് ആശംസയർപ്പിക്കുകയും മോഡറേറ്റ് ചെയ്യുകയും ചെയ്ത പരിപാടിയിൽ ചീഫ് ഡയാലിസിസ് ടെക്നീഷ്യൻ ഗോപകുമാർ പി ആർ ഉൾപ്പെടെ നൂറോളം പേർ പങ്കെടുത്തു.

## സർവേ നമ്പർ ക്രമപ്പെടുത്താൻ കൈക്കൂലി: ഓഫീസ് അറ്റൻഡർക്ക് കഠിനതടവ്

പത്തനംതിട്ട: സർവേ നമ്പർ ക്രമപ്പെടുത്തി നൽകുന്നതിന് 10,000 രൂപ കൈക്കൂലി വാങ്ങിയ കേസിൽ താലൂക്ക് ഓഫീസിലെ മുൻ അറ്റൻഡറെ വിജിലൻസ് കോടതി ഏഴു വർഷം കഠിനതടവിനും 45,000 രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.തിരുവല്ല താലൂക്ക് ഓഫീസ് അറ്റൻഡറായിരുന്ന പി. വിൻസിയെയാണ് തിരുവനന്തപുരം വിജിലൻസ് കോടതി ശിക്ഷിച്ചത്. നിരണം സ്വദേശിയായ പരാതിക്കാരൻറെ പിതാവിൻറെ പേരിലുള്ള വസ്തു അളന്ന് തിരിച്ച് സർവേ നമ്പർ ക്രമപ്പെടുത്തി നൽകുന്നതിന് കൈക്കൂലി വാങ്ങിയതിന് 2014 നവംബർ 18നാണ് വിജിലൻസിൻറെ പിടിയിലായത്.

വിജിലൻസ് യൂണിറ്റ് ഡിവൈഎസ്പി ആയിരുന്ന എം.എൻ. രമേശാണ് കേസ് രജിസ്റ്റർ ചെയ്തത്. രണ്ട് വകുപ്പുകളിലായി നാല് വർഷം കഠിനതടവും 25,000 രൂപ പിഴയും മൂന്ന് വർഷം കഠിനതടവും 20,000 രൂപയും ഉൾപ്പെടെ ഏഴു വർഷം കഠിന തടവും 45,000 രൂപ പിഴയുമാണ് കോടതി വിധിച്ചത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതിയെന്ന് വിധി ന്യായത്തിൽപറയുന്നു. ഡിവൈഎസ്പിമാരായിരുന്ന എം.എൻ. രമേശ്, പി.ടി. രാധാകൃഷ്ണപിള്ള, ഇൻസ്പെക്ടർ ആയിരുന്ന കെ. ബൈജുകുമാർ എന്നിവർ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച കേസിലാണ് വിധി വന്നിരിക്കുന്നത്. പ്രോസിക്യൂഷനു വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ എൽ.ആർ. രഞ്ജിത് കുമാർ ഹാജരായി

# പത്തനംതിട്ടയിൽ മീൻപിടിക്കാൻ പോയ സംഘത്തിലെ ഒരാളെ കാട്ടാന ചവിട്ടിക്കൊന്നു

പത്തനംതിട്ട : തേക്കുതോട് ഏഴാംതല പുളിഞ്ചാൽ വനത്തിൽ മീൻ പിടിക്കാൻ പോയ സംഘത്തിൽ ഒരാളെ കാട്ടാന ചവിട്ടി കൊന്നു. ഏഴാംതല സ്വദേശി ദിലീപ്(57) ആണ് മരിച്ചത്. കൂടെയുണ്ടായിരുന്ന രണ്ടു പേർ രക്ഷപ്പെട്ടു. ബുധനാഴ്ച രാത്രി ഏഴരയോടെയാണു സംഭവം. ജനവാസമേഖലയിൽനിന്ന് ഒന്നര കിലോമീറ്റർ ദൂരെയാണു സംഭവം നടന്നത്. മീൻ പിടിക്കാനായി വലകെട്ടിക്കൊണ്ട് ഇരിക്കുമ്പോഴാണു കാട്ടാന എത്തുന്നത്. കൂടെയുണ്ടായിരുന്നവർ ഓടി രക്ഷപ്പെട്ടെങ്കിലും ദിലീപിന് ഓടാനായില്ല. ദിലീപിന്റെ സുഹൃത്ത് ഓടിപ്പോയി വനംവകുപ്പ് വാച്ചറെ വിവരം അറിയിക്കുകയായിരുന്നു. ചൊവ്വാഴ്ച രാത്രിയിലും മീൻ പിടിക്കാൻ പോയപ്പോൾ ഇതേ സ്ഥലത്ത് കാട്ടാനയെ കണ്ടിരുന്നുവെന്ന് ദിലീപിന്റെ സുഹൃത്ത് അറിയിച്ചു.

# തിരുവനന്തപുരത്ത് വീണ്ടും ടിപ്പർ അപകടം; ബൈക്ക് യാത്രികൻ മരിച്ചു

തിരുവനന്തപുരം: തലസ്ഥാനത്ത് ടിപ്പർ അപകടത്തിൽ യുവാവ് മരിച്ചു. പനവിള ജംഗ്ഷനിലാണ് അപകടമുണ്ടായത്. മലയൻകീഴ് സ്വദേശി സുധീറാണ് മരിച്ചത്.

തമ്പാനൂർ ഭാഗ്തുനിന്നു വന്ന ടിപ്പർ ബൈക്ക് യാത്രികനെ ഇടിക്കുകയായിരുന്നു. അപകടത്തെതുടർന്ന് ഇയാളെ തിരുവനന്തപുരം മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ഇന്നലെയാണ് തിരുവനന്തപുരത്ത് ലോറിയിൽനിന്ന് കല്ല് വീണ് ബിഡിഎസ് വിദ്യാർഥി മരച്ചത്. വിഴിഞ്ഞം മുക്കോല സ്വദേശി അനന്തുവാണ് മരിച്ചത്. നിംസ് കോളജിലെ നാലാം വർഷ വിദ്യാർഥിയായിരുന്നു അനന്തു.

കല്ല് തെറിച്ച് വീണ് കൈക്കും തലയ്ക്കും ഗുരുതരമായി പരിക്കേറ്റ അനന്തുവിനെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായിരുന്നില്ല.

## 'ശക്തി' പരാമർശം; രാഹുലിനെതിരെ തെരഞ്ഞെടുപ്പ് കമ്മീഷന് ബിജെപി പരാതി നൽകി

ന്യൂഡൽഹി: രാഹുൽ ഗാന്ധിക്കെതിരെ തെരഞ്ഞെടുപ്പ് കമ്മീഷനിൽ പരാതി നൽകി ബിജെപി. 'ശക്തി' പരാമർശത്തിലാണ് ബിജെപിയുടെ പരാതി. പ്രസ്താവന ഹിന്ദുമത വിശ്വാസത്തിന് മുറിവേൽപ്പിക്കുന്നതെന്നും പരസ്പര വൈരം വളർത്തുന്നതെന്നും ബിജെപി പരാതിയിൽ പറയുന്നു.

എന്നാൽ രാഹുലിൻറെ പ്രസ്താവന ശക്തി ദേവതയെ അപമാനിക്കുന്നതാണ്. ഓരോ സ്ത്രീയും അമ്മയും പെങ്ങളും ശക്തിയാണ്. അവരെ എതിർക്കുകയാണ് ഇന്ത്യ സഖ്യം ചെയ്യുന്നതെന്നുമായിരുന്നു വിഷയത്തിൽ മോദിയുടെ പ്രതികരണം.

തൻറെ വാക്കുകൾ വളച്ചൊടിക്കപ്പെടുകയാണ്. ഭരണഘടനാ സ്ഥാപനങ്ങളെ അടക്കം കീഴടക്കിവച്ചിരിക്കുന്ന ശക്തിയെകുറിച്ചാണ് പരാമർശത്തിൽ പറഞ്ഞതെന്നും രാഹുലും വ്യക്തമാക്കിയിരുന്നു.

മുംബൈയിലെ ഭാരത് ജോഡോ ന്യായ് യാത്ര സമാപന വേദിയിലായിരുന്നു രാഹുലിൻറെ പരാമർശം.

# വിദ്വേഷ പരാമർശം; ശോഭ കരന്ദലജെയ്ക്കെതിരെ നടപടിക്ക് തെര. കമ്മീഷൻ

ബംഗളൂരു: വിദ്വേഷ പരാമർശത്തിൽ ബംഗളൂരു നോർത്ത് ബിജെപി സ്ഥാനാർഥിയും കേന്ദ്രമന്ത്രിയുമായ ശോഭ കരന്ദലജെയ്ക്ക് എതിരെ നടപടിയെടുക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻറെ നിർദേശം. കർണാടക ചീഫ് ഇലക്ട്രൽ ഓഫീസർക്കാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ നി!ർദേശം നൽകിയിരിക്കുന്നത്.

പെരുമാറ്റച്ചട്ട പ്രകാരം നടപടിയെടുത്ത് 48 മണിക്കൂറിനകം റിപ്പോർട്ട് നൽകാനാണ് നി!ർദേശം. ഡിഎംകെ നൽകിയ പരാതിയിലാണ് തെരഞ്ഞെടുപ്പ് കമ്മീഷൻറെ നടപടി.

നേരത്തെ തമിഴ്നാടിനെതിരായ പരാമർശത്തിൽ ശോഭ മാപ്പു പറഞ്ഞിരുന്നു. സമൂഹ മാധ്യമത്തിലൂടെയാണ് തമിഴ് ജനതയോട് ഇവർ മാപ്പ് ചോദിച്ചത്. പരാമർശത്തിൽ തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ അടക്കമുള്ളവർ കടുത്ത അതൃപ്തിയുമായി രംഗത്തെത്തിയതോടെയാണ് കരന്ദലജെ മാപ്പ് പറഞ്ഞത്. എന്നാൽ കേരളത്തിനെതിരായ പരാമർശത്തിൽ ഇവർ മറുപടി പറഞ്ഞിരുന്നില്ല.

തമിഴ്നാട്ടുകാർ ബംഗളൂരുവിലെത്തി സ്ഫോടനങ്ങൾ നടത്തുന്നു. കേരളത്തിലെ ആളുകൾ കർണാടകയിലെ പെൺകുട്ടികളുടെ മുഖത്ത് ആസിഡ് ഒഴിക്കുന്നു. ഇതിനെതിരെ കോൺഗ്രസ് സർക്കാർ ഒന്നും ചെയ്യുന്നില്ലെന്നായിരുന്നു ശോഭയുടെ പരാമർശം

# ഡാനിഷ് അലിയും പപ്പു യാദവും കോൺഗ്രസിൽ; ഇരുവരും അംഗത്വം സ്വീകരിച്ചു

ന്യൂഡൽഹി: ബിഎസ്!പി മുൻ എംപി ഡാനിഷ് അലിയും ജൻ അധികാർ പാർട്ടി നേതാവ് പപ്പു യാദവും കോൺഗ്രസിൽ ചേർന്നു. എഐസിസി ആസ്ഥാനത്തെത്തിയാണ് ഇരുവരും അംഗത്വം സ്വീകരിച്ചത്.

പപ്പു യാദവിൻറെ പാർട്ടിയായ ജൻ അധികാർ പാർട്ടി കോൺഗ്രസിൽ ലയിച്ചു. യുപിയിലെ അംരോഹയിൽ നിന്ന് ഡാനിഷ് അലിയും ബിഹാറിലെ പുർണിയയിൽ നിന്ന് പപ്പു യാദവും ലോക്സഭയിലേക്ക് മത്സരിക്കുമെന്നാണ് വിവരം.

രാജ്യത്തെ ഏകാധിപത്യ ഭരണത്തിനെതിരെയുള്ള പ്രതിഷേധമെന്ന നിലയ്ക്കാണ് കോൺഗ്രസിൽ ചേരുന്നത്. കോൺഗ്രസിൽനിന്ന് തനിക്ക് അർഹിക്കുന്ന ബഹുമാനം കിട്ടുന്നുണ്ട്.

രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും ഏറെ സ്നേഹപൂർവമാണ് തങ്ങളെ വരവേറ്റത്. അതിൽ ഏറെ സന്തോഷമുണ്ടെന്നും പപ്പു യാദവ് പറഞ്ഞു.

മണിപ്പൂരിൽ വച്ച് രാഹുൽ ഗാന്ധിയുടെ ഭാരത് ജോഡോ ന്യായ് യാത്രയിൽ പങ്കെടുത്തതടക്കം അച്ചടക്ക ലംഘനമായി കണ്ട് ബിഎസ്പി ഡാനിഷ് അലിയെ പാർട്ടിയിൽ നിന്ന് പുറത്താക്കിയിരുന്നു. ഇതിന് പിന്നാലെയാണിപ്പോൾ ഔദ്യോഗികമായി ഡാനിഷ് അലി കോൺഗ്രസ് അംഗത്വം സ്വീകരിച്ചത്.

# വെള്ളിയാഴ്ചത്തെ തെരഞ്ഞെടുപ്പ് മാറ്റണമെന്ന് ചീഫ് ഇലക്ട്രൽ ഓഫീസറോട് കോൺഗ്രസ്

കേരളത്തിൽ വെള്ളിയാഴ്ചയിലെ തെരഞ്ഞെടുപ്പ് മറ്റൊരു ദിവസത്തേക്ക് മാറ്റണമെന്ന് കോൺഗ്രസ് ചീഫ് ഇലക്ട്രൽ ഓഫീസർ രാഷ്ട്രീയ പാർട്ടികളുമായി നടത്തിയ യോഗത്തിൽ ആവശ്യപ്പെട്ടു. കോൺഗ്രസ് തെരഞ്ഞെടുപ്പ് നിരീക്ഷണ സമിതി കൺവീനർ എം.കെ.റഹ്മാനാണ് ഈ ആവശ്യം ഉന്നയിച്ചത്.

85 വയസ്സ് കഴിഞ്ഞ വോട്ടർമാരുടെയും അംഗപരിമിത വോട്ടർമാരുടെയും വോട്ടുകൾ പ്രത്യേകം പോളിംഗ് ടീം വീട്ടിലെത്തി വോട്ട് രേഖപ്പെടുത്തി വാങ്ങി കൊണ്ടുപോകുന്നതിന് റിട്ടേണിംഗ് ഓഫീസർ സീൽ ചെയ്ത ബോക്സ് ഏർപ്പെടുത്തുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകണം, ബാലറ്റ് ബോക്സിന്റെ താക്കോൽ റിട്ടേണിംഗ് ഓഫീസർ സൂക്ഷിക്കണം, തപാൽ വോട്ട് വീട്ടിൽ കൊണ്ടുവരുന്ന ദിവസം മുൻകൂട്ടി വോട്ടറേയും സ്ഥാനാർത്ഥികളുടെ ഏജന്റുമാരേയും അറിയിക്കണം തുടങ്ങിയ ആവശ്യങ്ങളും ഉന്നയിച്ചിട്ടുണ്ട്.

ഇലക്ഷൻ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ തപാൽ വോട്ട് വിനിയോഗം സംബന്ധിച്ച നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും ഒരേതരത്തിൽ നൽകുകയും ഇത് സംബന്ധിച്ച് സർക്കുലർ കോൺഗ്രസ് പാർട്ടിക്കും നൽകണമെന്നും യോഗത്തിൽ ആവശ്യപ്പെട്ടു.

ഭിന്നശേഷിക്കാരായ വോട്ടർമാരുടെ ലിസ്റ്റ് ബൂത്ത് തിരിച്ചുള്ള കണക്ക് രാഷ്ട്രീയപാർട്ടികൾക്കും നൽകണമെന്നു ജില്ലാ കളക്ടറുടെ യോഗത്തിൽ കോൺഗ്രസ് ആവശ്യപ്പെട്ടു. ഇലക്ഷൻ ജോലികൾക്ക് നിയോഗിച്ച വിവിധ സ്ക്വാഡുകളിലെ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ നൽകണമെന്നും, നോമിനേഷൻ ഫയൽ ചെയ്യുന്നതിന് മുമ്പ് പ്രീവെരിഫിക്കേഷൻ സൗകര്യം ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## ആനയെ ലോറിയിൽനിന്ന് ഇറക്കാൻ ശ്രമിക്കവെ പാപ്പാന് ദാരുണാന്ത്യം

ചിറ്റിലഞ്ചേരി (പാലക്കാട്) ന്ന ഉത്സവ എഴുന്നള്ളത്തിന് ആനയെ ലോറിയിൽനിന്ന് ഇറക്കാനുള്ള ശ്രമത്തിനിടെ, ആനയുടെയും ലോറിയിൽ സ്ഥാപിച്ച ഇരുമ്പ് കമ്പിയുടെയും ഇടയിൽപെട്ട് ഒന്നാം പാപ്പാനു ദാരുണാന്ത്യം. കുനിശ്ശേരി കൂട്ടാല സ്വദേശി ദേവൻ ആണ് മരിച്ചത്.

## യുപിയിൽ സഹോദരങ്ങളെ കഴുത്തറത്ത് കൊലപ്പെടുത്തി; പ്രതിയെ പോലീസ് വെടിവച്ചു കൊന്നു

ലക്നോ: ഉത്തർപ്രദേശിൽ വീട്ടിൽ അതിക്രമിച്ചു കടന്ന അക്രമി രണ്ടു കുട്ടികളെ കഴുത്തറത്തു കൊലപ്പെടുത്തി. 12, എട്ട് വയസുള്ള സഹോദരങ്ങളാണ് കൊല്ലപ്പെട്ടത്. ലക്നോവിലെ മണ്ഡി സമിതി പോലീസ് സ്റ്റേഷനു കീഴിലുള്ള ബുദൗണിലെ ബാബ കോളനിയിലാണ് സംഭവം. സംഭവത്തിൽ പ്രതിഷേധിച്ച ജനക്കൂട്ടം സമീപത്തെ കടയ്ക്ക് തീയിട്ടു. ചൊവ്വാഴ്ച വൈകിട്ടാണ് സംഭവം.

പ്രതിയെ പിടികൂടാൻ പോലീസ് ശ്രമിക്കുന്നതിനിടെ പ്രതി പോലീസിനു നേരെ വെടിയുതിർത്തു. ഏറ്റുമുട്ടലിൽ പ്രതി കൊല്ലപ്പെട്ടു.

ആക്രമണത്തിൻറെ കാരണം വ്യക്തമല്ല. കുറ്റകൃത്യത്തെക്കുറിച്ചും പിന്നീട് നാട്ടുകാരുടെ പ്രതിഷേധത്തെക്കുറിച്ചും പോലീസിന് വിവരം ലഭിച്ചതായി ബുദൗൺ ജില്ലാ മജിസ്ട്രേറ്റ് മനോജ് കുമാർ പറഞ്ഞു. സമാധാനം നിലനിർത്താൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു.

# ഓൺലൈൻ ട്രേഡിംഗ്; വൻതട്ടിപ്പ് സംഘം അറസ്റ്റിൽ

സുൽത്താൻ ബത്തേരി: ഓൺലൈൻ ട്രേഡിംഗ് നടത്തി ലാഭം നൽകാമെന്ന് വിശ്വസിപ്പിച്ച് ലക്ഷങ്ങൾ കവരുന്ന വൻതട്ടിപ്പ് സംഘത്തെ ബത്തേരി പോലീസ് അറസ്റ്റ് ചെയ്തു.

തിരുവനന്തപുരം സ്വദേശികളായ പൂജപ്പുര ബദാനിയ വീട്ടിൽ ജിബിൻ(28), കഴക്കൂട്ടം ഷീല ഭവനിൽ അനന്തു(29), പാലക്കാട് ആനക്കര സ്വദേശി കൊണ്ടുകാട്ടിൽ വീട്ടിൽ രാഹുൽ(29), കുറ്റ്യാടി കിഴക്കയിൽ വീട്ടിൽ അഭിനവ്(24) എന്നിവരെയാണ് ബംഗളൂരുവിൽ നിന്നും കസ്റ്റഡിയിലെടുത്തത്.

ഇവരിൽ നിന്ന് 20 മൊബൈൽ ഫോണുകളും, എട്ട് സിം കാർഡുകളും, ഒന്പതു എടിഎം കാർഡുകളും, 8,40,000 രൂപയും പിടിച്ചെടുത്തു. 2,30,000 രൂപ കവർന്നെന്ന കുപ്പാടി സ്വദേശിയായ യുവാവിൻറെ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് പ്രതികളെ പിടികൂടിയത്.

2023 ഒക്ടോബറിലാണ് കുപ്പാടി സ്വദേശിയിൽ നിന്ന് പ്രതികൾ ലക്ഷങ്ങൾ കവർന്നത്. മറ്റു പലരിൽ നിന്നും ഇതേരീതിയിൽ സംഘം കബളിപ്പിച്ച് പണം കവർന്നിട്ടുണ്ടെന്ന് പോലീസ് കണ്ടെത്തിയിരുന്നു.

# വിവാഹവുമായി ബന്ധപ്പെട്ട തർക്കം; കൗമാരക്കാരിയെ അമ്മ കൊലപ്പെടുത്തി

ഹൈദരാബാദ്: വിവാഹത്തെ ചൊല്ലിയുണ്ടായ തർക്കത്തെ തുടർന്ന് കൗമാരക്കാരിയെ അമ്മ കൊലപ്പെടുത്തി. ഹൈദരാബാദിലെ ഇബ്രാഹിംപട്ടണത്തെ വസതിയിൽ വച്ച് 19കാരിയാണ് കൊല്ലപ്പെട്ടത്.

ഒരു സ്വകാര്യ കോളജിലെ ഒന്നാം വർഷ ബിരുദ വിദ്യാർഥിനിയായിരുന്നു കൊല്ലപ്പെട്ട പെൺകുട്ടി. തിങ്കളാഴ്ച രാത്രിയാണ് അമ്മ പെൺകുട്ടിയെ കൊലപ്പെടുത്തിയതെന്ന് സഹോദരൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് പറഞ്ഞു.

അമ്മയ്ക്കും മറ്റ് കുടുംബാംഗങ്ങൾക്കും പെൺകുട്ടിയെ ഒരു ബന്ധുവിനെ കൊണ്ട് വിവാഹം കഴിക്കാനായിരുന്നു താത്പര്യം. എന്നാൽ താൻ ഒരാളുമായി പ്രണയത്തിലാണെന്നും അയാളെ മാത്രമെ വിവാഹം ചെയ്യൂവെന്നും പെൺകുട്ടി പറഞ്ഞു. തിങ്കളാഴ്ച മകൾ കാമുകനോട് സംസാരിക്കുന്നത് കണ്ടപ്പോൾ അമ്മ പെൺകുട്ടിയുമായി വഴക്കുണ്ടാക്കി. തുടർന്ന് ഇവർ മകളെ കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തുകയും പിന്നീട് ഇത് ആത്മഹത്യയായി ചിത്രീകരിക്കാൻ ശ്രമിക്കുകയും ചെയ്തു.

സംഭവത്തിൽ ഇബ്രാഹിംപട്ടണം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടരുകയാണ്.

## ഗേറ്റ് അടയ്ക്കുന്നതിനിടെ ദേഹത്തു വീണു; വീട്ടമ്മയ്ക്ക് ദാരുണാന്ത്യം

ഏലൂർ: വീട്ടിലെ ഗേറ്റ് അടക്കുന്നതിനിടയിൽ ദേഹത്തുവീണ് വീട്ടമ്മയ്ക്ക് ദാരുണാന്ത്യം. ഏലൂർ വടശേരി വീട്ടിൽ ബെന്നിയുടെ ഭാര്യ ജോസ് മേരി (54) ആണ് മരിച്ചത്.

ഏലൂർ ഫെറിക്ക് സമീപം ഇന്നുരാവിലെയായിരുന്നു സംഭവം. ഭർത്താവ് പുറത്തേക്ക് പോയതിനു പിന്നാലെ ഗേറ്റ് അടയ്ക്കുന്നതിനിടെയാണ് മറിഞ്ഞുവീണത്.

ഉടൻതന്നെ മഞ്ഞുമ്മലിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഏലൂർ വില്ലേജ് ഓഫീസിലെ താത്കാലിക ജീവനക്കാരിയായിരുന്നു ജോസ് മേരി.